Shri K. T. Atchuthan: Sir, after collecting the information, I shall give the reply.

(ii) Arrest of and assault on Shri K. R. Chandrasekhara Pillai, President of the Thiruvalla Town Congress Mandal by a Sub Inspector of Police.

Mr. Speaker: There is another notice by Shri P. Chacko about the serious situation arising out of the arrest of and assault on Shri K. R. Chandrasekhara Pillai, the President of the Thiruvalla Town Congress Mandal by the Sub Inspector of Police on 21-2-1964.

I am referring it to Government for necessary action.

LEGISLATIVE BUSINESS

Mr. Speaker: Now we pass on to Legislative Business

The Calicut City Municipal (Amendment) Bill 1963.

Clauses 20 *to* 22

Mr. Speaker: There are no amendments to clauses 20 to 22.

The question that Clauses 20 to 22 stand part of the Bill was put and carried.

Clauses 20 to 22 were added to the Bill.

Clause 23

Shri K.A. Damodara Menon: Sir, I move amendment No. 9.

9. In clause 23, in sub-clause (1), for the words "municipal corporation" occurring between the words "passing through more than one" and "or municipality" the word "City" shall be substituted.

This is only a verbal amendment, Sir.

The amendment was put and carried.

The question that Clause 23, as amended, stand part of the Bill was put and carried.

Clause 23, as amended, was added to the Bill.

Clauses 24 *to* 29.

Mr. Speaker: There are no amendments to Clauses 24 to 29.

The question that Clauses 24 to 29 stand part of the Bill was put and carried

Clauses 24 to 29 were added to the Bill.

Clause 30

Shri K. A. Damodara Menon: Sir, I move amendment Nos. 10 and 11.

10. "In clause 30 (in the proposed new section 446) in sub-section (3) for the word 'elected' the word "constituted" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

11. "In clause 30 (In the proposed new section 446) in sub section (4) for the word "constituted" the word 'elected' shall be substituted."

Sir, These are also verbal amendments.

The amendments were put and carried.

The question that Clause 30, as amended, stand part of the Bill was put and carried.

Clause 30, as amended, was added to the Bill.

Clause 31

The question that Clause 31 stand part of the Bill was put and carried.

Clause 31 was added to the Bill.

Clause 1.

The question that Clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title

The question that the Preamble and Title stand part of the Bill was put and carried.

Preamble and Title were added to the Bill.

Shri K. A. Damodara Menon: Sir, I move that the Calicut City Municipal (Amendment) Bill, 1963 be finally passed.

Minister for Transport and Labour (**Shri K. T. Achuthan**): Sir, I second it.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, കേരളത്തിൽ, കോർപ്പറേഷനുകൾക്കു ഒരു പൊതുനിയമം ഉണ്ടാക്കുകയാണു് ഇതിന്റെ ഉദ്ദേശം. ഈ സഭയിൽ കോഴിക്കോട്ടു കോർപ്പറേഷൻ ബിൽ പാസ്സായി എന്നുകേട്ടപ്പോൾ, പത്രത്തിൽ കണ്ടതായ ഒരു ഹാസ്യചിത്രം എന്റെ ഓർമ്മയിൽ വരികയാണു്. അതിന്റെ ചുരുക്കം, കോഴിക്കോട്ടു മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ആയാൽ കൊതുകുകളുടെ വലിപ്പം എത്രയായിരിക്കും എന്നതിന്റെ സൂചനയായിരുന്നു. ഞാൻ പറയുന്നതിന്റെ അർത്ഥം, നമ്മുടെനാട്ടിൽ, പഞ്ചായത്തുകളും വരുന്നു, മുനിസിപ്പാലിറ്റികളും വരുന്നു, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളായി ഉയരുന്നു എന്നുള്ളതുകൊണ്ടുമാത്രം നാട്ടുകാരെ സംബന്ധിച്ചു് അതു വലിയൊരു പ്രത്യേകതയായിത്തീരുന്നില്ല എന്നുള്ളതാണു്. ഒരുവിധത്തിൽ, ഈവക സ്ഥാപനങ്ങളും വരുമ്പോൾ, ആ സ്ഥാപനങ്ങളിൽപ്പെട്ട ഏതെങ്കിലും ചില പ്രത്യേക വിഭാഗം വികസിച്ചുവരികയും, മറ്റുഭാഗങ്ങളിലുള്ളവർ കൂടുതൽനികുതി കൊടുക്കേണ്ടിവരികയുംചെയ്യുന്ന സാഹചര്യം ഉണ്ടാകുകയുമാത്രമാണു് അനുഭവം. അതുകൊണ്ടു് പലപ്പോഴും പഞ്ചായത്തുകളും വരുന്നതിനെയും, പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ആകുന്നതിനെയും കോർപ്പറേഷന്റെ അതിർത്തി വർദ്ധിപ്പിച്ചു കൂടുതൽ പ്രദേശങ്ങളും അതിൽ ഉൾപ്പെടുത്തുന്നതിനെയും ചിലർ ആക്ഷേപിക്കാറുണ്ടു്. കോഴിക്കോട്ടു കോർപ്പറേഷന്റെ പരിധി എത്രത്തോളമായിരിക്കണമെന്നുള്ളതിനെപ്പറ്റി ചർച്ച നടന്നപ്പോഴും ചിലർ അതിനെപ്പറ്റി ആക്ഷേപം പുറപ്പെടുവിച്ചതു് ഈ സംഗതിയെ മുൻനി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

നിറുത്തിയാണു്. സ്ഥാപനങ്ങൾ ഉയർന്നുവരുമ്പോൾ പലവിധത്തിലും നികുതി കൂടുന്നുണ്ടെന്നുള്ളതാണു് അനുഭവം. അതേസമയത്തു്, ആളുകൾക്കു അവരുടെ ദൈനംദിന ജീവിതത്തിൽ സൗകര്യപ്രദമായകാര്യങ്ങൾ വളരെയൊന്നും തന്നെ ആ സ്ഥാപനങ്ങൾക്കു ചെയ്തുകൊടുക്കാൻ സാധിക്കുന്നുമില്ല. അതു നമ്മുടെ അനുഭവമാണു്. ഇന്നുപഞ്ചായത്തുകളെ സംബന്ധിച്ചാണെങ്കിൽ, അതിലെജീവനക്കാർക്കു് ശമ്പളം കൊടുക്കാൻതന്നെ അതിന്റെ വരുമാനം കൊണ്ടു സാധിക്കുന്നില്ല. പല പഞ്ചായത്തുകളും കാര്യമായ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മുൻകൂർ വാങ്ങുന്നസംഖ്യ, ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൊടുക്കുന്നതിനു് ഉപയോഗിച്ചിട്ടുള്ളതു് എനിക്കു നേരിട്ടു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഈ നിലയിലാണു് ഈവക സ്ഥാപനങ്ങളുടെ പ്രവർത്തനം. കോർപ്പറേഷന്റെ വരുമാനത്തിൽ നാലിൽ മൂന്നുഭാഗവും ജീവനക്കാർക്കു് ശമ്പളത്തിനു് വിനിയോഗിക്കുന്നതുകൊണ്ടു്, നാട്ടുകാരുടെ ആവശ്യങ്ങൾ വേണ്ടവിധം നിവ്വഹിക്കാൻ സാധിക്കുന്നില്ലെന്നുള്ള പരാതി പരക്കെ ഉണ്ടു്. ഞാൻ ഇത്രയും പറഞ്ഞതു്, ഈവക സ്ഥാപനങ്ങളെ സംബന്ധിച്ചു് ഇത്തരം നിയമം ഉണ്ടാക്കിയതുകൊണ്ടുമാത്രം കാര്യമായില്ല ; ജനങ്ങൾക്കു വികസനപ്രവർത്തനം കൂടുതൽ അനുഭവപ്പെടുത്തി കൊടുക്കുന്നതിനുള്ള സാഹചര്യവും, സഹായവും ഉണ്ടാകണമെന്നു് ഓർമ്മപ്പെടുത്താൻവേണ്ടിയാണു്.

സർ, ഈ സന്ദർഭത്തിൽ, നഗരവികസനത്തിനുവേണ്ടി, സിറ്റി ഇംപ്രൂവ്മെന്റു് ട്രസ്റ്റു് എർപ്പെടുത്തിയിട്ടുള്ളതിനെപ്പറ്റി ഒന്നു് ചൂണ്ടിക്കാണിക്കാനുണ്ടു്. ഇവിടെ തിരുവനന്തപുരം സിറ്റി ഇംപ്രൂവ്മെന്റു ട്രസ്റ്റു് ബിൽ ഈ സഭമുൻപാകെ വന്നപ്പോൾ, അതു ഒരു പൊതു നിയമമായി, കേരളത്തിന്റെ ഒട്ടാകെ ബാധകമായ വിധത്തിൽ രൂപവൽക്കരിക്കണം എന്നു അഭിപ്രായപ്പെടുകയുണ്ടായി. കോഴിക്കോട്ടു മുനിസിപ്പൽ കോർപ്പറേഷൻ നിയമം വന്നപ്പോഴും ഈ ആവശ്യം സഭയിൽ പല മെമ്പറന്മാരും ഉന്നയിച്ചെങ്കിലും അതു സ്വീകരിക്കുകയുണ്ടായില്ല. ഇന്നു് ഒരുപക്ഷേ, അനുഭവത്തെ മുൻനിറുത്തിയാണു് കോർപ്പറേഷനെസംബന്ധിച്ചും, മുനിസിപ്പാലിറ്റികളെസംബന്ധിച്ചും ഒക്കെ ഒരു പൊതുനിയമം ആവശ്യമാണെന്നു ഗവണ്മെൻറിനു തോന്നിയതിന്റെ ഫലമായി ഇത്തരം ഒരുനിയമം കൊണ്ടുവന്നതു്. ഇതിനെത്തുടർന്നു്, സിറ്റി ഇംപ്രൂവ്മെൻറു ട്രസ്റ്റിനെ സംബന്ധിച്ചു്, ഇന്നു് ഒരു സിറ്റിക്കു മാത്രം ബാധകമായിട്ടുള്ള നിയമം, പൊതുവേ കോർപ്പറേഷനുകൾക്കു ബാധകമായരീതിയിൽ രൂപാന്തരപ്പെടുത്താൻ സത്വരമായ നടപടികൾ എടുക്കണമെന്നാണു് എനിക്കു ഗവണ്മെൻറിനോടു പറയാനുള്ളതു്.

സർ, കോഴിക്കോട്ടു കോർപ്പറേഷൻ പല ആവശ്യങ്ങളും ഉന്നയിച്ചതിൽ വളരെ കുറച്ചുമാത്രമേ ഗവണ്മെൻറിനുചെയ്തുകൊടുക്കാൻ സാധിച്ചുള്ളു എന്നുംമറ്റും പരാതി ഇവിടെ പറഞ്ഞു. ഇപ്പോൾ സ്ലം ക്ലീയറൻസു് സംബന്ധിച്ച ഒരു ബിൽ ഈ സഭമുൻപാകെയുണ്ടു്. ഏതായാലും നാട്ടുകാരെസംബന്ധിച്ചിടത്തോളം, സ്ഥാപനത്തിന്റെപേരു എന്താണു്, പരിധി എത്രത്തോളമുണ്ടു് ഇതൊന്നും കാര്യമായ പ്രശ്നമല്ല, അവർക്കു ആവശ്യമായിട്ടുള്ളതു വികസനപ്രവർത്തനമാകയാൽ, കേരളത്തിലെ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും വികസനത്തിനു് പറ്റിയ വിധത്തിൽ' സിറ്റി ഇംപ്രൂവ്മെൻറു ട്രസ്റ്റിന്റെ പ്രവർത്തനം നടത്താൻ ബഹുമാനപ്പെട്ട മന്ത്രിയും ഗവണ്മെൻറും പ്രത്യേകം ശ്രദ്ധിക്കണമെന്നു് ഓർമ്മപ്പെടുത്തിക്കൊണ്ടു ഈ ബില്ലിന്റെ മൂന്നാം വായനയെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. ഹസ്സൻഗനി : സർ, കോഴിക്കോട്ടും അതിന്റെ പരിസരങ്ങളിലും, ഗവണ്മെൻറും കോഴിക്കോട്ടു കോർപ്പറേഷനോടു് ഒരു ചിറ്റമ്മനയമാണു് സ്വീകരിച്ചിട്ടുള്ളതെന്നു് പൊതുസംസാരമുണ്ടു്. കോഴിക്കോട്ടു കോർപ്പറേഷൻ രൂപീകൃതമായിട്ടു് വളരെ വർഷങ്ങളായിട്ടില്ല. ഇന്നു കോഴിക്കോട്ടു കോർപ്പറേഷനോടു ചേർന്നിരിക്കുന്ന ചിലപ്രദേശങ്ങൾക്കു വലിയ ഇംപ്രൂവ്മെൻറു വരുത്താൻ സാധിക്കാത്തവിധത്തിൽ സമ്പത്തികമായ വൈഷമ്യം കോർപ്പറേഷനു നേരിടേണ്ടതായിവന്നിട്ടുണ്ടു്. കോർപ്പറേഷൻ വസൂലാക്കിവരുന്ന ടാക്സു് ഇനമാണെങ്കിൽ വേറെ എവിടെയും ഇല്ലാത്തരീതിയിൽ വളരെ കൂടുതലാണു്,

LIBRARY ARCHIVES Kerala Legislative Assembly

ഏകദേശം 22, 23 ശതമാനത്തോളം ടാക്സ് കോർപ്പറേഷൻ അതിർത്തിയിൽ അധിവസിക്കുന്നവർ കൊടുക്കേണ്ടതുണ്ട്. അങ്ങനെ കൊടുക്കുമ്പോഴും, കോർപ്പറേഷൻ നിർവ്വഹിക്കേണ്ട ചില കാര്യങ്ങളും നിർവ്വഹിക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതി ഉണ്ടായാൽ ജനങ്ങൾക്ക് ആ കോർപ്പറേഷനെസംബന്ധിച്ചിടത്തോളം വലിയ മതിപ്പുണ്ടാകുകയില്ല. അതിപ്രധാനമായിപറയാനുള്ളതു്, ഇന്നു് ശുദ്ധജല വിതരണത്തെസംബന്ധിച്ചിടത്തോളം കോഴിക്കോട്ട് കോർപ്പറേഷന്റെ മോശമായ അവസ്ഥയെപ്പറ്റിയാണു്. ഗവണ്മെന്റിന്റെ സഹായഹസ്തം ഈ കാര്യത്തിൽ വേണ്ടിടത്തോളം ലഭിക്കുന്നില്ലെങ്കിൽ ഈ പദ്ധതി മുമ്പോട്ടുകൊണ്ടുപോകാൻ കോർപ്പറേഷനു് സാധ്യമല്ല. കോർപ്പറേഷൻ അധികാരികൾപല നിവേദനങ്ങളും ഈകാര്യത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിക്കു സമർപ്പിച്ചിട്ടുണ്ടു്. 75 ലക്ഷത്തോളം രൂപാ ലോണായും ഗ്രാന്റായും പല ആവശ്യത്തിനുമായി നൽകണമെന്നാണു് നിവേദനം സമർപ്പിച്ചതു്. തിരുവനന്തപുരം കോർപ്പറേഷനേക്കാൾ വിസ്തീർണ്ണമുള്ള കോഴിക്കോട്ട കോർപ്പറേഷനിൽ ശുദ്ധജലവിതരണം കാര്യക്ഷമമായി നടപ്പാക്കണമെങ്കിൽ ഗവണ്മെന്റിന്റെ സഹായസഹകരണം വേണ്ടിടത്തോളം ഉണ്ടാകാതെ നിവൃത്തിയില്ല. ഈ കാര്യം അതു് അഹിക്കുന്ന രൂപത്തിൽ പരിഗണിക്കണമെന്നു് ഈ അവസരത്തിൽ ഞാൻ ഗവണ്മെൻറിനോടു ആവശ്യപ്പെടുന്നു.

ബഹുമാനപ്പെട്ട കുറുപ്പവർകളും പറഞ്ഞതുപോലെ സിറ്റിഇംപ്രൂവ്മെന്റ് ട്രസ്റ്റു് കേരളത്തിൽ ഉള്ള രണ്ടു കോർപ്പറേഷനും ബാധകമാകത്തക്കരീതിയിൽ നിയമം കൊണ്ടുവന്നു അതു നടപ്പിലാക്കണമെന്നതു് ഇന്നു കോഴിക്കോട്ടുള്ള എല്ലാവരുടേയും ഒരു ആവശ്യമാണു്. അങ്ങനെ വരികയാണെങ്കിൽ വളരെയേറെ പുരോഗതി ഇന്നു കൂട്ടിച്ചേർത്തിട്ടുള്ള ചില പ്രദേശങ്ങളെസംബന്ധിച്ചു ഉണ്ടാകാനും ഇടയാകും. ഇതിനോടു ബന്ധിച്ചു ഒരു കാര്യം എനിക്കുപറയുവാനുള്ളതു് ഏറ്റവും പ്രധാനമായ കൊച്ചിൻ കോർപ്പറേഷൻ രൂപീകരണത്തിനു് വേണ്ടനടപടികളും ഗവണ്മെൻറു് എടുക്കണമെന്നതാണു്, ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി. എറണാകുളം ഈ മുനിസിപ്പാലിറ്റികളേയും ചേർത്തുകൊണ്ടു് ഒരു കോർപ്പറേഷൻ ഉണ്ടാക്കേണ്ടതു വളരെ അത്യാവശ്യമാണു്. തിരുവനന്തപുരത്തും കോഴിക്കോട്ടും ഉള്ളതിനെക്കാൾ കൂടുതലായി വളരെയേറെ സൗകര്യങ്ങളും ഉള്ള ഈ മൂന്നുപട്ടണങ്ങളും യോജിപ്പിച്ചുകൊണ്ടു് അതിനു വേണ്ടനടപടികളും, ചില മുനിസിപ്പാലിറ്റികളിൽ നിന്നും ഇതിനു വിരുദ്ധമായി റിപ്പോർട്ട ഉണ്ടെങ്കിൽ തന്നെയും, ഗവണ്മെൻറു എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. കോഴിക്കോട്ട കോർപ്പറേഷനും അതുപോലെതന്നെ ഈപറഞ്ഞ മൂന്നു മുനിസിപ്പാലിറ്റികളും സ്ക്വീയറൻസ് സ്കീമിനു ബാധകമാക്കിയിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. ഫോർട്ടുകൊച്ചി പട്ടണം ഒഴിച്ചാൽ ബാക്കി യാതൊരു സ്ഥലത്തും ഇതിന്റെ പ്രവർത്തനം നടക്കുന്നില്ല. കേന്ദ്രഗവണ്മെൻറിനേറെയും നമ്മുടെ ഗവണ്മെൻറിനേറെയും ഇതിനുള്ള കാലതാമസമാണു് ഇതിനു ഇടയാക്കിയിരിക്കുന്നതെന്നു കാണാൻ കഴിയും. എത്രയുംവേഗം ബഡ്ജറ്റിൽ അലോട്ടു ചെയ്തിരിക്കുന്നതുക ചെലവഴിക്കുന്നതിൽ, അതിനു സഹായകമായരീതിയിൽ ദ്രുതഗതിയിൽ പണിചെയ്യുന്നതിനു വേണ്ട നടപടികളും ഗവണ്മെൻറു കൈക്കൊള്ളേണ്ടതാണു്. അതുപോലെതന്നെ നാം ഇവിടെ പാസ്സാക്കാൻ പോകുന്ന ബില്ലിലും അതിന്റെ പ്രവർത്തനങ്ങളും ശരിയായരൂപത്തിൽകൊണ്ടുവന്നു കോഴിക്കോട്ട കോർപ്പറേഷനോടു ഒരുചിറ്റമ്മനയം ഗവണ്മെൻറു സ്വീകരിച്ചുവരികയാണെന്ന ആശങ്ക മാറ്റിക്കൊടുക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണു്.

ശ്രീ. പി. സി. രാഘവൻനായർ : സർ, ഈ ബില്ലിനെ അതിന്റെ മൂന്നാം വായന വേളയിൽ ഞാൻ അനുകൂലിക്കുകയാണു്. കേരളാമുനിസിപ്പൽ കാർപ്പറേഷൻസ് ആക്റ്റു എന്നപേരിൽ അറിയപ്പെടാൻ പോകുന്ന ഈ ബില്ലിൽ സർ. സി. പി. രാമസ്വാമിഅയ്യർപോലും നടപ്പിലാക്കിയിട്ടില്ലായിരുന്ന ചിലവകുപ്പുകൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടു് ഇവിടെ ഒരു ദേഭഗതി അവതരിപ്പിച്ചിരിക്കുന്ന മന്ത്രി തീച്ചയായും അഭിനന്ദനാർഹനാണു്. കോഴിക്കോട്ട കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം 97 കൊല്ലക്കാലത്തെ ചരിത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

1939—ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടിരുന്ന കാലത്തു അന്നത്തെ വെള്ളക്കാരനായ കളക്ടർ മി. മെക്കീബേൻ മുനിസിപ്പാലിറ്റി പിരിച്ചു വിട്ടിട്ടുണ്ട്. കഴിഞ്ഞ 97കൊല്ലങ്ങളായി ഒരു വെള്ളക്കാരനുമാത്രമേ ഈമുനിസിപ്പാലിറ്റി പിരിച്ചുവിടുവാനുള്ള ധൈര്യം ഉണ്ടായിട്ടുള്ളൂ. ആ ധൈര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിൽ ഉൾക്കൊള്ളിച്ചുകൊണ്ടു വന്നിരിക്കുന്ന ഈ ഭേഗതിബില്ലിനെ ഞാൻ സ്വാഗതംചെയ്യുകയാണു്. 97 വർഷക്കാലമായി കാണിക്കാതിരുന്ന ആ ധൈര്യം ഈ 1964—ൽ കാണിച്ചിട്ടുള്ള കാര്യം പ്രത്യേകം അഭിനന്ദനാർഹമാണു്. ഏതായാലും പിരിച്ചു വിടുന്നതിനുമുമ്പു ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണു്.

കോഴിക്കോട്ട കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം വളരെയധികം ആവശ്യങ്ങൾ കോർപ്പറേഷൻ ഗവൺമെൻറിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടു്. ഗവണ്മെൻറു അവ കൈകാര്യം ചെയ്യാതിരിക്കുകയാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : മുനിസിപ്പാലിറ്റികൾ പിരിച്ചു വിട്ടു കഴിഞ്ഞില്ലല്ലോ ? ഇതു പാസ്സായി നടപ്പിലാകുമ്പോഴല്ലേ പിരിച്ചു വിടുകയുള്ളൂ.

ശ്രീ. പി. സി. രാഘവൻനായർ : വരുന്ന ഒരുകൊല്ലക്കാലത്തിനുള്ളിൽ പിരിച്ചു് വിടുകയാണെങ്കിൽ അതുതന്നെയും നല്ലതാണെന്നാണു് ഞാൻ പറയുന്നതു്. ഒരു കൊല്ലക്കാലത്തിനപ്പുറത്തു ആരാണു്, എങ്ങിനെയാണു് കൈകാര്യം ചെയ്യേണ്ടതെന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ലല്ലോ. അതുകൊണ്ടു് പിരിച്ചുവിടുന്നതിനുമുമ്പു ചെയ്യേണ്ട കാര്യമാണു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നതു്. കോഴിക്കോട്ട കാർപ്പറേഷൻ കമ്മീഷണർക്കു ഒരു 'Sumptuary' അലവൻസു് നൽകണമെന്നു കാർപ്പറേഷൻ ഒരു പ്രമേയംമൂലം ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. കഴിഞ്ഞകൊല്ലം മേയറായിരുന്ന ആളിന്റെ മരണകാലത്തുതന്നെ അതു കൊടുക്കണമെന്നു അപേക്ഷിച്ചിരുന്നതായിരുന്നു. അന്നു് അതുകൊടുക്കുകയുണ്ടായില്ല. മന്ത്രിയുടെ ഇഷ്ടത്തിനു യോജിച്ച ആളല്ല ഈ രണ്ടു കൊല്ലമായി മേയറായിവന്നിട്ടുള്ളതെന്നുള്ള കാര്യം എല്ലാവർക്കും അറിവുള്ളതാണു്. ഈ 97 കൊല്ലക്കാലത്തെ ചരിത്രത്തിനിടയിൽ ഒരുകമ്മ്യൂണിസ്റ്റുകാരൻ മേയറായതു് 1963-ൽ മാത്രമാണു്. അതുപോലെതന്നെ ഒരു മുസ്ലീം മേയറാകുക എന്നുള്ളതും ഇടംപ്രഥമമായ സംഗതിയാണു്. ഈ രണ്ടു കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രിക്കു് അത്ര ഇഷ്ടപ്പെട്ട കാര്യങ്ങളല്ല, അതുകൊണ്ടായിരിക്കാം ഈ അപേക്ഷ തള്ളിക്കളയുന്നതു് എന്നും ഒരു അഭിപ്രായം നിലവിലുണ്ടു്. ഏതായാലും കോർപ്പറേഷൻ പിരിച്ചു വിടുന്നതിനു മുമ്പു് അവർക്കു ഈ അലവൻസു് നൽകുന്ന കാര്യം തീരുമാനിക്കപ്പെടണമെന്നു ഞാൻ അഭിപ്രായപ്പെടുകയാണു്.

മറ്റൊരുകാര്യം പുതുതായി കൂട്ടിച്ചേർത്തിട്ടുള്ള പ്രദേശങ്ങളിൽ ധാരാളം റോഡുകളും ഉണ്ടു്. ഈ റോഡുകളുടെ മെയിൻറനൻസുപണി ഗവണ്മെൻറു ഏറ്റെടുക്കണം. തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു സ്വീകരിച്ചുവരുന്ന സമ്പ്രദായമാണു് ഇതു്. കോഴിക്കോട്ട കോർപ്പറേഷനിലും അതു സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. 8 ലക്ഷത്തോളം രൂപ സ്വന്തം ഫണ്ടിൽനിന്നും ചെലവാക്കിയാണു് റോഡു് മെയിൻറനൻസു് ചെയ്യുന്നതു്. 50,000രൂപ മാത്രമേ ഗ്രാൻറു ഇനത്തിൽ ലഭിക്കുന്നുള്ളൂ. അതുകൊണ്ടു് ഇതു ഗവണ്മെൻറു നേരിട്ടു ഏറ്റെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

വേറൊരു സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നതു് പുനരുൽപ്പാദന പരിപാടിക്കുവേണ്ടി ആവശ്യമായ ലോണുകളും ഗവണ്മെൻറു ഈ ഒരു കൊല്ലക്കാലത്തിനകം തന്നെ കൊടുക്കണമെന്നാണു്. അങ്ങനെ കോർപ്പറേഷനെ കുറച്ചുകൂടി നല്ല നിലയിൽ പ്രവർത്തിക്കുവാൻ ഉതകുമാറു് കഴിയുന്നിടത്തോളം ഈ ഒരു കൊല്ലത്തിനകം മുനിസിപ്പാലിറ്റിയുടെ നടത്തിപ്പു നല്ലനിലയിൽ ആക്കിതീർക്കുന്നതിനുള്ള സൗകര്യവും സന്മനസും ബഹുമാനപ്പെട്ട മന്ത്രിയ്ക്കു ഉണ്ടാകണമെന്നു അപേക്ഷിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞകൊല്ലം വിവിധ ഇനങ്ങൾക്ക കൊടുക്കുവാനുള്ള പല ഗ്രാൻറുകളും കിട്ടാതിരിക്കുകയാണു്. ആ ഗ്രാൻറുകൾ എല്ലാം ഈ ഒരു കൊല്ലക്കാലത്തിനകം കൊടുക്കുകയാണെങ്കിൽ അടുത്തകൊല്ലം കാർപ്പറേഷൻ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിയും. അതിനുള്ള സൗകര്യം ബഹുമാനപ്പെട്ടമന്ത്രി ഉണ്ടാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. ഓ. കോരൻ : സർ, ഈ ബില്ലിന്റെ മൂന്നാം വായന സമയത്തു ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടു് ചില കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഇപ്രകാരമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു നിയമം കൊണ്ടുവരുന്ന അവസരത്തിൽ അതു പഞ്ചായത്തായാലും ശരി, മുനിസിപ്പാലിറ്റിയായാലും ശരി, കോർപ്പറേഷനായാലും ശരി ചില സ്ഥലത്തു നിന്നും പൊന്തിവന്നിട്ടുള്ള ആക്ഷേപങ്ങൾ ജനങ്ങളിൽ നിന്നും അധികമായി നികുതി ഈടാക്കുന്നുവെങ്കിലും പൊതുജനങ്ങൾക്കു വേണ്ടത്ര ഉപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്നുള്ളതാണു്. കോഴിക്കോട്ടു കോർപ്പറേഷനെപ്പോലുള്ള സ്ഥാപനങ്ങളുടെ കൂടുതൽ കാര്യക്ഷമമായിട്ടുള്ള പ്രവർത്തനങ്ങൾക്കു നാം നിയമനിർമ്മാണം നടത്തുന്ന അവസരത്തിൽ പൊതുജനങ്ങളുടെ ആ അഭിപ്രായം കേൾക്കുന്നുണ്ടെന്നും അതു തിരുത്തുന്നതിനു കുറച്ചുകൂടി സഹായകമായ നിയമമാണു് കൊണ്ടുവരുന്നതെന്നും ജനങ്ങളുടെ ക്ഷേമമാണു് ഗവണ്മെൻറു ആഗ്രഹിക്കുന്നതെന്നും ഉള്ള മനോഭാവമായിരിക്കണം ഗവണ്മെൻറു കൈക്കൊള്ളുവാൻ. കോഴിക്കോട്ടു കാർപ്പറേഷനിലെ ശോചനീയമായ ഒരു നിലയെപ്പറ്റി ശ്രീ. നാരായണക്കുറുപ്പു ഇവിടെ പ്രസംഗിക്കുകയുണ്ടായി. കോഴിക്കോട്ടു കോർപ്പറേഷൻ ഒരു കാർപ്പറേഷൻറെ അന്തസ്സിനു അനുയോജ്യമായ വിധത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിനു ഗവണ്മെൻറിൻറെ ആനുകൂല്യം വേണ്ടത്ര കിട്ടുന്നില്ല എന്നുള്ളതു അടുത്തകാലത്തു പത്രങ്ങളിലും പ്രസംഗമണ്ഡപങ്ങളിലും ശക്തിയായി ഉയർന്നുവന്നിട്ടുണ്ടു്. അങ്ങനെയല്ല എന്നുള്ള കാര്യം ഗവണ്മെൻറു മുന്നോട്ടു വന്നു് തെളിയിക്കേണ്ടതാണു്. ഈ അവസരത്തിൽ രണ്ടു മൂന്നു കാര്യങ്ങൾ എനിക്കു ചൂണ്ടിക്കാണിക്കുവാനുണ്ടു്.

ശ്രീ. ഹസ്സൻഗനി ഇവിടെ സ്ലം ക്ലീയറൻസിനെപ്പറ്റി പ്രതിപാദിക്കുകയുണ്ടായി. തോട്ടി തൊഴിലാളികളും അതുപോലെ സാധുക്കളും താമസിക്കുന്ന ചെറുപ്പുരകൾ മാറ്റി അവർക്കു വീടുവച്ചുകൊടുക്കേണ്ടതു വളരെ അത്യാവശ്യമായ കാര്യമാണു്. കാർപ്പറേഷൻ വക അന്തസ്സുള്ള മണിമാളിക ഉയർന്നുവരുന്ന അവസരത്തിൽ ഒരു ചോദ്യചിഹ്നം എന്നവണ്ണം നിൽക്കുന്ന ഈ കുടിലുകൾ നീക്കി കാർപ്പറേഷൻ അതിൻറെ അന്തസ്സിനു യോജിച്ചവണ്ണമുള്ള വീടുകൾ വച്ചുകൊടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. കേന്ദ്രഗവണ്മെൻറു അനുവദിച്ചിട്ടുള്ള ഗ്രാൻറു ഇവിടെ വേണ്ട സമയത്തു നാം ഉപയോഗിക്കാത്തതുകൊണ്ടു് നമുക്കു അതു നഷ്ടപ്പെടേണ്ടിവന്നു. ഇവിടെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയുണ്ടായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വീടു വയ്ക്കുന്നതിലേയ്ക്കു നീക്കിവച്ചിരുന്ന കാർപ്പറേഷൻറെയും മറ്റും പണം തക്കസമയത്തു ഉപയോഗപ്പെടുത്തുവാൻ ഗവണ്മെൻറു മുന്നോട്ടു വരാത്തതുകാരണം നഷ്ടപ്പെട്ടിട്ടുണ്ടെന്നു്. ആ മോതിരി സംരംഭങ്ങളെ എതിർക്കാതിരിക്കുവാൻ നിവൃത്തിയില്ല. അതുപോലെതന്നെ കാർപ്പറേഷനു ഒരു ചോദ്യചിഹ്നമാണു് ഇന്നത്തെ തോട്ടി സമ്പ്രദായം. ഏറ്റവും ദയനീയമായ ഒരുകാഴ്ചയാണു് ഇന്നും മലം തലയിൽവച്ചു ചുമന്നുകൊണ്ടു പട്ടണത്തിൻറെ നടുവിൽകൂടി പോകുന്നതു്. സ്ലം ക്ലീയറൻസ് പദ്ധതിക്കുള്ള ഒരു അന്വേഷണ കമ്മിറ്റിയെ കേന്ദ്രഗവണ്മെൻറു നിയമിച്ചിരുന്നു. ആ കമ്മിറ്റി ഇതര സ്റ്റേറ്റുകളിൽ അന്വേഷണം നടത്തിയതിനോടൊപ്പം കോഴിക്കോട്ടു വരികയും ഈകാര്യങ്ങൾ മനസ്സിലാക്കിയതിനുശേഷം ഈ സമ്പ്രദായം വേഗം വളരെ നിറുത്തേണ്ടതാണെന്നു ചൂണ്ടിക്കാണിക്കുകയും അതിലേയ്ക്കു പ്രത്യേകംഫണ്ടു നീക്കിവയ്ക്കുകയും ചെയ്തിരുന്നു. ആ ഫണ്ടു മുഴുവൻ ചെലവഴിക്കുന്നതിനുപോലും ഹരിജൻമന്ത്രി ശ്രദ്ധിച്ചിരുന്നില്ല. മനുഷ്യൻ ഇന്നു അന്തസ്സി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഒ. കോരൻ]

നേരെയും അഭിമാനത്തിനേരെയും ഉയർച്ചയിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഈ യുഗത്തിൽപോലും കോഴിക്കോട്ട് പട്ടണത്തിന്റെ നടുവിൽക്കൂടി മനുഷ്യൻ മലവും തലയിൽപേറിക്കൊണ്ട് പോകുന്ന ദയനീയമായ കാഴ്ച കാണാവുന്നതാണ്. ഈ സമ്പ്രദായം അവസാനിപ്പിക്കുന്നതിനു കർശനമായ നടപടികൾ കൈക്കൊള്ളണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. മന്ത്രി അതിലേക്കു ആവശ്യമായ ഫണ്ടു നീക്കിവയ്ക്കുകയും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും സന്ദർഭം അനുസരിച്ചു മുന്നോട്ടു വരികയും ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുകയാണ്. വളരെവേഗം ഈ സമ്പ്രദായം അവസാനിപ്പിച്ചു പരിഹാരം കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

മറ്റൊന്നു വീടുകൾ കെട്ടിക്കൊടുത്തു കഴിഞ്ഞാൽ അതിനു പതിനാറു കൊല്ലമോ ഇരുപതു കൊല്ലമോ വാടക വാങ്ങിക്കഴിയുമ്പോൾ വീട് താമസിച്ചയാളിനു സ്വന്തമായിട്ടു കൊടുക്കണമെന്നാണ്. മദ്രാസിൽ കോർപ്പറേഷനുകളിൽ ഇതിനു സൗകര്യം നൽകിയിരുന്നു. അതുപോലെ ഇവിടെയും കാർപ്പറേഷനിലെ തൊഴിലാളികൾക്കു വീടുവച്ചുകൊടുത്തിട്ടു പത്തോ ഇരുപതോ കൊല്ലം അതിന്റെ വാടക വാങ്ങിയിട്ടു വീട് തൊഴിലാളികൾക്കു വിട്ടുകൊടുക്കുന്നതു അഭികാമ്യമായിട്ടുള്ള കാര്യമാണ്. ആ സമ്പ്രദായം കൈക്കൊള്ളണമെന്നും അതിനനുസരിച്ചുള്ള നിയമനിർമ്മാണവും നടപടികളും കൈക്കൊള്ളണമെന്നും എനിക്കപേക്ഷയുണ്ട്. ഞാൻ പറഞ്ഞ ഈ മൂന്നു കാര്യങ്ങളും, സ്വീപ്പ് ക്ലീയറൻസും നടത്തി ചെറുപ്പുരകൾമാറി, കോർപ്പറേഷന്റെ അന്തസ്സു പാലിക്കുക, തോട്ടി സമ്പ്രദായം അവസാനിപ്പിക്കുക, കോർപ്പറേഷൻ തൊഴിലാളികൾക്കു വീടുവച്ചു കൊടുക്കുക—ഗവണ്മെന്റിന്റെ പരിഗണനയിൽ ഉണ്ടായിരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഈ ബില്ലിന്റെ മൂന്നാം വായനഘട്ടത്തിൽ ഒന്നു രണ്ടു കാര്യങ്ങളാണ് ഗവണ്മെന്റിന്റെ മുമ്പിൽ വയ്ക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. പ്രധാനമായിട്ട് ഇന്നു കോർപ്പറേഷനിലായാലും ശരി, മുനിസിപ്പാലിറ്റിയിലായാലും ശരി, അവയുടെ ഇടയിലുള്ള ചെറിയ ചെറുപ്പുരകളെ സംബന്ധിച്ചു കാര്യമായി എന്തെങ്കിലും ചെയ്യാൻ അവ പരിശ്രമിക്കുന്നില്ലെങ്കിൽ, അവയെക്കൊണ്ടു ചെയ്യിപ്പിക്കാനുള്ള ഉത്തരവാദിത്വം ഗവണ്മെന്റിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്. കുംഭം, മീനം, മേടം എന്നീ മാസങ്ങളിൽ ചെറിയ ഒരു തീപ്പൊരി പാറിയാൽ മതി ആ പുര മാത്രമല്ല, അതിനു ചുറ്റുപാടുമുള്ള വലിയ വലിയ കെട്ടിടങ്ങളും കത്തി നശിച്ചു പോകുകയും, അങ്ങനെ ധാരാളം നഷ്ടവും ജീവഹാനിയും ഉണ്ടാകുവാൻ ഇടയുള്ളതുമാണ്. സാധാരണ ഉൾപ്രദേശങ്ങളിലാണ് ഇങ്ങനെ തീപിടിക്കുന്നതെങ്കിൽ അത്ര വലിയ നഷ്ടം ഉണ്ടാകുകയില്ല. കാരണം വീടുകൾ അടുത്തടുത്തല്ല സ്ഥിതി ചെയ്യുന്നതു്. ഇക്കാര്യം ഇതുവരെയും കാർപ്പറേഷനേറയോ, മുനിസിപ്പാലിറ്റികളുടെയോ, ഗവണ്മെന്റിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വീപ്പ് ക്ലീയറൻസിനു വേണ്ടി എത്രതന്നെ പരിശ്രമിച്ചാലും, ഓലപ്പുരയിലും, ചെറുകൂടിലിലും താമസിക്കുന്നവർ അവിടെ നിന്നും മാറിക്കൊടുക്കാൻ തയാറാകാത്തതുകൊണ്ടാണ് കാർപ്പറേഷനു് സാധിക്കാത്തതെന്നാണ് അവർ പറയുന്നതു്. എന്നാൽ അങ്ങനെ ചെയ്തില്ലെങ്കിൽ അവരെക്കൊണ്ടു ചെയ്യിപ്പിക്കാൻ ഗവണ്മെന്റു് ഇതുവരെ തയാറായിട്ടുമില്ല. ഈശ്വരനു് രക്ഷിക്കാനും, ശിക്ഷിക്കാനും അധികാരം ഉണ്ടു്. അതുപോലെ ഈ സംസ്ഥാനത്തിലെ കാരണവരായ സർക്കാരിനു് ശിക്ഷിക്കാൻ മാത്രമല്ല, രക്ഷിക്കാനുമുള്ള അധികാരമുണ്ടു്. ഇന്നു് ഇവിടെയുള്ള കാർപ്പറേഷനുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ സ്വന്തമായി എന്തെങ്കിലും ചെയ്യാനുള്ള അധികാരം കൊടുത്തിട്ടില്ല. അവയ്ക്കു് എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനോ അവരുടെ അതിർത്തിക്കുള്ളിലുള്ള ഏരിയാകൾ വൃത്തിയായി സൂക്ഷിക്കുന്നതിനോ ആവശ്യമായ ധനസ്ഥിതിയില്ലാത്തതുകൊണ്ടു് സാധിക്കുന്നില്ല. അതുകൊണ്ടു് കഴിവുള്ളിടത്തോളം സാമ്പത്തികമായി ഇത്തരം സ്ഥാപനങ്ങളെ ഗവണ്മെന്റിൽ നിന്നും സഹായിക്കേണ്ടതു് ആവശ്യമാണ്. ശ്രീ. നാരായണക്കുറുപ്പു് പറഞ്ഞതുപോലെ ജനങ്ങളുടെ ആരോഗ്യപരമായ കാര്യങ്ങളിൽ ആവശ്യമായ നടപടികൾ എടുക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

താണു്. കോഴിക്കോട്ടു് കോർപ്പറേഷൻ ഏരിയായിൽ മാത്രമല്ല എല്ലായിടത്തും കൊതുകിന്റെ ശല്യം വളരെയുണ്ടു്. അവ ഇല്ലാതാക്കുന്നതിനാവശ്യമായ നടപടികളും എടുക്കേണ്ടതാണു്. അതിനുവേണ്ടി പ്രത്യേകം സംഖ്യ നീക്കിവച്ചു സ്ലം ക്ലീയറൻസു് നടപ്പിലാക്കുകയും, ശുദ്ധജല വിതരണം നടത്തുകയും ചെയ്യേണ്ടതാണു്.

സ്ലാവഞ്ചേഴ്സിന്റെ കാര്യത്തെപ്പറ്റി ശ്രീ. കോരൻ ഇവിടെ പറയുകയുണ്ടായി. നമുക്കെല്ലാവരും തന്നെ അഭിമാനക്ഷതമുണ്ടാക്കുന്ന രണ്ടു കാര്യങ്ങളാണുണ്ടു്. അവയിൽ ഒന്നു് നമ്മെപ്പോലെയുള്ളവർ, സ്വന്തം സഹോദരങ്ങളെപോലെയുള്ളവർ തന്നെ നമ്മുടെ മലവും തലയിൽ ചുമന്നുകൊണ്ടു പോകുക. ഇതു് വളരെ ദയനീയമായ ഒരു കാഴ്ചയാണു്. ഇതിനെപ്പറ്റി ശ്രീ. കോരൻ. വിശദീകരിച്ചു പറഞ്ഞതുകൊണ്ടു് ഞാൻ കൂടുതലായിട്ടൊന്നും പറയുന്നില്ല. പറ്റൊരു കാര്യം മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളിലും, കോർപ്പറേഷനുകളിലും ആളുകളെ തന്നെ വലിച്ചുകൊണ്ടുപോകുന്ന—അതായതു് റിക്ഷായിൽ ആളുകളെ കയറ്റി കൊണ്ടുപോകുന്ന—സമ്പ്രദായം. ജനങ്ങളെ തന്നെ വലിച്ചുകൊണ്ടുപോകുന്ന സമ്പ്രദായം നിറുത്തേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുകയാണു്. ഇതിൽ ഗവണ്മെന്റു് എടുത്തിട്ടുള്ള നടപടികളും ഇതുവരെയും ഉൗർജ്ജിതത്തിൽ വരുത്തിയിട്ടില്ല. നമ്മുടെ രാജ്യം സ്വതന്ത്രമായിട്ടു് ഏകദേശം പതിനാറു കൊല്ലത്തോളം ആയിട്ടും ഇത്തരക്കാർക്കു് സ്വാതന്ത്ര്യം കൊടുക്കാറായിട്ടില്ലേ? ഇത്തരം കാര്യങ്ങളും ഗവണ്മെന്റു് കണക്കിലെടുത്തുകൊണ്ടു് ഇവയ്ക്കെല്ലാം തന്നെ ഒരു പരിഹാരം ഉണ്ടാക്കേണ്ടതാണു്. ശിക്ഷിക്കാൻ അധികാരം ഉള്ളതുപോലെ തന്നെ രക്ഷിക്കാനുള്ള അധികാരവും ഗവണ്മെന്റു് എടുക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. സി. അച്യുതമേനോൻ : സർ, ഈ ബില്ലിന്റെ മൂന്നാം വായന സമയത്തു് ഒന്നു രണ്ടു കാര്യങ്ങളും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബിൽ കേരളത്തിലെ കോർപ്പറേഷനെ സംബന്ധിച്ചു് പൊതുവായിട്ടുള്ള ഒരു നിയമം ഉണ്ടാക്കുന്നതിനു് സഹായിച്ചിട്ടുണ്ടെന്നുള്ളതു് ഒരു കാര്യമാണു്. അതു് ആവശ്യമായിട്ടുള്ള ഒരു കാര്യമാണെന്നുള്ളതിൽ സംശയമില്ല. പക്ഷേ അതു കഴിച്ചാൽ ഈ നിയമനിർമ്മാണംകൊണ്ടു് എന്തെങ്കിലും ആശാസ്യമായിട്ടുള്ളതോ, അത്യന്താപേക്ഷിതമായിട്ടുള്ളതോ ആയ കാര്യങ്ങളും നടന്നിട്ടില്ലെന്നു് പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ഭാഗത്തു നിന്നും ഈ ബില്ലിന്റെ ചർച്ചാവേളയിൽ ചില ഭേദഗതികളും അവതരിപ്പിച്ചുകൊണ്ടു് ചില കാര്യങ്ങളും ശക്തിയായി ഉന്നയിക്കുകയുണ്ടായി. അതു് ഇത്തരത്തിലുള്ള നിയമനിർമ്മാണങ്ങളുടെ അടിസ്ഥാനതത്വങ്ങളെ തന്നെ സ്പർശിക്കുന്നതാണു്. ഇവിടെ ശ്രീ. നാരായണക്കുറുപ്പു് ചൂണ്ടിക്കാണിക്കുകയുണ്ടായി, നാം ശ്രദ്ധപതിപ്പിക്കേണ്ടതു് കോർപ്പറേഷന്റെ അതിർത്തി എത്രത്തോളം ഉണ്ടായിരിക്കണമെന്നോ, അതിലെ മെമ്പറന്മാരുടെ എണ്ണം എത്രയുണ്ടായിരിക്കണമെന്നോ അല്ല, നേരെ മറിച്ചു് കോർപ്പറേഷനെപ്പോലെയുള്ള സ്ഥാപനങ്ങളെക്കൊണ്ടു് ജനങ്ങൾക്കു് എത്തപ്രയോജനം ഉണ്ടാകുമെന്നുള്ളതിനെപ്പറ്റിയാണു്. അതു് ഏറ്റവും ആദരണീയമായിട്ടുള്ള ഒരു തത്വം തന്നെയാണു്. ഇന്നത്തെ അനുഭവത്തിൽ നിന്നും നമുക്കറിയാം, ഈ രാജ്യത്തിലെ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഒന്നും തൃപ്തികരമായി പ്രവർത്തിക്കുന്നില്ലെന്നു്. അതിനുള്ള കുറ്റം മുനിസിപ്പാലിറ്റിക്കോ, കോർപ്പറേഷനോ ആണോ? ആണെന്നു് എനിക്കഭിപ്രായമില്ല. കോർപ്പറേഷനും മുനിസിപ്പാലിറ്റിയും, ജനങ്ങൾക്കു് പ്രയോജനം ലഭിക്കത്തക്കവിധം പ്രവർത്തിക്കണമെങ്കിൽ, അതിനാവശ്യമായ ചില സഹായങ്ങളും, ചില സാഹചര്യങ്ങളും എല്ലാം ആവശ്യമുണ്ടു്. അതു് ഇന്നത്തെ നിയമമനുസരിച്ചോ ഇന്നത്തെ സംവിധാനം അനുസരിച്ചോ ലഭിക്കുന്നില്ലെന്നുള്ളതാണു് സത്യം. അതിനു് അടിസ്ഥാനപരമായ കാര്യങ്ങളിലേയ്ക്കു് നാം കടന്നു് ഒന്നു് പരിശോധിക്കണം, ഈ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഒട്ടാകെത്തന്നെയുള്ള കാര്യങ്ങളും ആഴത്തിൽ ഇറങ്ങി ചെന്നു പരിശോധിക്കണമെന്നാണു് എന്റെ അഭിപ്രായം. ഇതിൽ പ്രധാനപ്പെട്ട ഒരു കാര്യം അവക്കു് വേണ്ടിടത്തോളം വികേന്ദ്രീകരണമാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ: സി. അച്യുതമേനോൻ]

കരം നടപ്പിലാക്കാൻ ആവശ്യമായ പണം ഇല്ലെന്നുള്ളതാണു്. ഈ അടുത്ത കാലത്തായി ഗവണ്മെൻറിൽ നിന്നും ഇതിനെപ്പറ്റി അഭിപ്രായമറിയുന്നതിനു വേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചതായി പത്രങ്ങളിൽ കാണുകയുണ്ടായി. അതിൻറെ അന്വേഷണ റിപ്പോർട്ടു് വന്നിട്ടില്ലയെന്നു പറയുന്നു. പക്ഷെ അതിൻറെ റിപ്പോർട്ടാണെന്നും പറഞ്ഞു് ചില ഭാഗങ്ങളും ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ എൻറെ ശ്രദ്ധയെ ആകർഷിച്ച സംഗതി, മുനിസിപ്പാലിറ്റികളും കോർപ്പറേഷനും, അവർ പിരിച്ചെടുക്കുന്ന സംഖ്യയുടെ ഏറ്റവും വലിയ ഒരു ഭാഗം അതിലെ സ്റ്റാഫിനു് ശമ്പളമായി കൊടുക്കാൻ മാത്രമേ തികയുന്നുള്ളുവെന്നാണു്. അതു കഴിച്ചാൽ ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി ഉപയോഗിക്കാൻ സാധിക്കുന്ന സംഖ്യ വളരെ തുച്ഛമാണു്. പക്ഷേ ഇന്നു മുനിസിപ്പാലിറ്റികളും അലങ്കാരവസ്തുക്കളായി മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇതെല്ലാം നടപ്പിലാക്കുന്നതിനുള്ള സഹായം മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും കൊടുക്കാൻ തയ്യാറായില്ലെങ്കിൽ, അവയൊന്നുംതന്നെ നടപ്പിലാക്കാൻ കഴിയാതെ പോകും. ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൽ നിന്നും കാര്യമായി ശ്രദ്ധിക്കണമെന്നാണു് എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു്. കോർപ്പറേഷനും മുനിസിപ്പാലിറ്റിയുമാണെങ്കിൽ അവരുടെ പരമാവധി കഴിവുവരെയുള്ള നികുതികളും പിരിച്ചെടുക്കുന്നുണ്ടു്. ആ നികുതികൊണ്ടു് അവയ്ക്കു് വികസനപ്രവർത്തനങ്ങളും ഒന്നും നടപ്പിലാക്കുന്നതിനു് സാധിക്കുന്നില്ല. അതുകൊണ്ടു് മറ്റു പ്രകാരത്തിൽ ഗവണ്മെൻറിൽ നിന്നും അവയെ സഹായിക്കാനുള്ള മാർഗ്ഗങ്ങളും ആലോചിക്കേണ്ടതാണു്. അല്ലെങ്കിൽ ഈ സ്ഥാപനങ്ങളെല്ലാംതന്നെ വെറും അലങ്കാര വസ്തുക്കളായി അവശേഷിക്കും. ശ്രീ. നാരായണക്കുറുപ്പു് ഇവിടെ സിറ്റി ഇംപ്രൂവുമെൻറു് ട്രസ്റ്റിനെപ്പറ്റി പറയുകയുണ്ടായി. കോഴിക്കോട്ടും ഒരു സിറ്റി ഇംപ്രൂവുമെൻറു ട്രസ്റ്റു സ്ഥാപിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. പക്ഷെ തിരുവനന്തപുരത്തു് ഇന്നുള്ള സിറ്റി ഇംപ്രൂവുമെൻറുട്രസ്റ്റിൻറെ കഥ എന്താണെന്നു് അതിൻറെ പ്രവർത്തനം നോക്കിയാൽ എന്തിനാണു് അതിൻറെ ആവശ്യമെന്നും തോന്നിപ്പോകും. അതിനെ സംബന്ധിച്ചും ചില റിപ്പോർട്ടുകളും പത്രങ്ങളിൽ കാണുകയുണ്ടായി. ഇവിടെ അതിനെപ്പറ്റി ചർച്ചചെയ്യാൻ സാധിച്ചിട്ടില്ല. ഏതായാലും അതിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ഈ തൊഴിൽ വേണ്ടെന്നു തീരുമാനിച്ചു, മറ്റു തൊഴിലിനു പോയതായി പത്രങ്ങളിൽ കാണുകയുണ്ടായി. ഇവിടെ അതിനെപ്പറ്റി ചോദ്യവും ഉത്തരവും ഉണ്ടായില്ല. സിറ്റി ഇംപ്രൂവുമെൻറിൻറെ ആവശ്യമുണ്ടെങ്കിലും അതുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ള ഫലം ഉണ്ടായിട്ടില്ലെന്നുള്ളതു് ഒരു സത്യം മാത്രമാണു്. സിറ്റി ഇംപ്രൂവുമെൻറു ട്രസ്റ്റു രൂപീകരിക്കാനും, അതിനാവശ്യമായ ചട്ടങ്ങളും റൂളുകളും ഉണ്ടാക്കുന്നതിനും, അതിലെ റൂംസ്സെല്ലാം ഗസറ്റിൽ പ്രസിദ്ധം ചെയ്യുന്നതിനുമെല്ലാം തയാറായി. അതേപോലെ മുനിസിപ്പാലിറ്റിയിലേയ്ക്കും, കോർപ്പറേഷനിലേയ്ക്കും, എല്ലാം മെമ്പറന്മാരെ തിരഞ്ഞെടുക്കുകയും അവരുടെ സേവനങ്ങളും ആവശ്യമാണെന്നു പറയുകയും ചെയ്യും. പക്ഷെ അവയെല്ലാംതന്നെ വെറും അലങ്കാരവസ്തുക്കളാണു്, അവരെല്ലാംകൂടി ആലോചിച്ചു് ആലോചിച്ചു് കാച്ചിക്കുറുക്കി, ഒടുവിൽ ഒന്നര പൈസയുടെ കാര്യമാണു് ചെയ്യുന്നതു്. ഇതിൽ ഗവണ്മെൻറു ധനസഹായം ചെയ്യുന്നതിനു് ധീരമായ കാൽവയ്പു് വച്ചില്ലെങ്കിൽ ഈ സ്ഥാപനങ്ങളെക്കൊണ്ടു് യാതൊരു തരത്തിലുള്ള പ്രയോജനവും ഉണ്ടാകുകയില്ല. പണത്തിൻറെ കാര്യം ഇവിടെ നിൽക്കട്ടെ.

അടുത്തതായി എനിക്കു് പറയുവാനുള്ളതു് ഇവ നടത്തിക്കൊണ്ടുപോകുന്ന രീതിയെ സംബന്ധിച്ചാണു്. ഇപ്പോഴത്തെ രീതിയോടു ഞങ്ങൾക്കു് ശക്തിയായ എതിർപ്പുണ്ടു്. ഏറ്റവും മുകളിൽ ഗവണ്മെൻറും എല്ലാത്തിനും കീഴിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാരും. ഇതു് രണ്ടും കഴിഞ്ഞാൽ പിന്നെ തിരഞ്ഞെടുക്കപ്പെടുന്ന മെമ്പറന്മാരുടെ ആവശ്യമെന്താണു്. എന്തെങ്കിലും കാര്യങ്ങൾ ചെയ്യണമെങ്കിൽ ഗവണ്മെൻറിൻറെ അനുവാദം വാങ്ങണം. അതിനു് കീഴിൽ ഉദ്യോഗസ്ഥന്മാരുടെ സമ്മർദ്ദം, ഇതിനു് രണ്ടിനുമിടയിൽപ്പെട്ട ഞെരുങ്ങുകയാണു് തിരഞ്ഞെടുക്കപ്പെടുന്ന മെമ്പറന്മാർ. ഇത്തരത്തിലുള്ള സമീപനരീതി ഒക്കെക്കൊള്ളുന്നതിൻറെ ആവശ്യകത എന്താണെന്നു് എനിക്കു മനസ്സിലാകു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. ഇതിൽ ഒരു മാറ്റം വരുത്തണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതായതു് കൂടുതൽ ഉത്തരവാദിത്വവും, അധികാരവും കാർപ്പറേഷനും മുനിസിപ്പാലിറ്റിക്കും വിട്ടുകൊടുക്കണം. അവർ തെറ്റു ചെയ്യുമായിരിക്കും, പക്ഷെ അതു് തിരുത്തുന്നതിനു് ഗവണ്മെൻറിനോ, അല്ലെങ്കിൽ ജനങ്ങൾക്കോ സാധിക്കും. Democracy at the grassroots എന്നു് സാധാരണ പറയുന്ന സംഗതി നടപ്പിലാകണമെങ്കിൽ ഇങ്ങനെ ചെയ്യണം. ഏതായാലും ഇക്കാര്യങ്ങളെല്ലാം ബില്ലിൻെറ മൂന്നാം വായനസമയത്തു് പറയേണ്ട ആവശ്യമില്ലെന്നറിയാം. എങ്കിലും അവസരം കിട്ടുമ്പോഴെല്ലാം ഇക്കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. ഇതിൽ മാറ്റങ്ങൾ വരുത്തി കാർപ്പറേഷനും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ അധികാരവും സഹായങ്ങളും കൊടുക്കേണ്ടതു് വളരെ അടിയന്തിരമായ ഒരു കാര്യമാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : സർ, ഈ ബില്ലിൻെറ മൂന്നാം വായനയിൽ ചില കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. കോഴിക്കോടു് സിറ്റിമുനിസിപ്പൽ ഭേദഗതി നിയമം അവതരിപ്പിച്ചു് ഇവിടെ ചർച്ച നടന്നുകൊണ്ടിരുന്ന അവസരത്തിൽ വിവാദപരമായ രണ്ടു പ്രത്യേക കാര്യങ്ങളുണ്ടായിരുന്നുഎന്നു ഗവണ്മെൻറു് മനസ്സിലാക്കണം. ഒന്നു് മുനിസിപ്പൽ സ്ഥാപനങ്ങളെ പിരിച്ചുവിടാനുള്ള അധികാരം ഗവണ്മെൻറു് ഏറ്റെടുക്കാൻ പോകുകയാണെന്നുള്ള പരാതി. രണ്ടാമത്തേതു് കാമൺ സ്വീസു് ഉണ്ടാക്കുന്നതിനെ സംബന്ധിച്ചായിരുന്നു. ഈ രണ്ടു കാര്യങ്ങളും കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു ഈ ബില്ലിനെപ്പറ്റി പ്രധാനമായി ചർച്ച നടന്നിരുന്നതു്. വാസ്തവത്തിൽ ജനാധിപത്യ വ്യവസ്ഥിതി നമ്മുടെ നാട്ടിൽ നടപ്പിൽ വരുത്തുന്നതിനാണു് അധികാരവികേന്ദ്രീകരണം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഇപ്പോഴും നമ്മുടെ നാട്ടിൽ പഞ്ചായത്തു തൊട്ടുള്ള ഇത്തരം സ്വയംഭരണസ്ഥാപനങ്ങളും ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണു്. ജനങ്ങൾക്കു് അധികാരങ്ങളും ഇങ്ങനെ ഏല്പിച്ചുകൊടുത്തിട്ടുള്ളതു് തിരിച്ചെടുക്കുന്ന സമ്പ്രദായം പാടില്ലെന്നുള്ള വാദഗതിയായിരുന്നു പ്രധാനമായി ഇവിടെ നടന്നതു്. ഈ ബില്ലിൻെറ ഒറിജിനൽ ബില്ലിലില്ലാത്ത ചില കാര്യങ്ങളും ഈ ബില്ലിൽ ചേർക്കേണ്ട ആവശ്യമില്ലെന്നുള്ള വാദഗതിയുമുണ്ടായിരുന്നു. സ്വയംഭരണസ്ഥാപനങ്ങളും നേരേചൊവ്വേ നടത്തിക്കൊണ്ടുപോകുന്നതിനു് ഗവണ്മെൻറിനു് അവരുടെമേൽ ഒരു നിയന്ത്രണം ഉണ്ടാക്കേണ്ടതു് സ്വാഭാവികമായി ആവശ്യമാണു്. കാരണം സ്വയംഭരണസ്ഥാപനങ്ങളുടെ നടത്തിപ്പിനാവശ്യമായ പണത്തിൻെറ സിംഹഭാഗവും ഗവണ്മെൻറു ഫണ്ടിൽനിന്നു ചെലവഴിക്കുകയാണു്. അങ്ങനെയൊരു അവസ്ഥയിൽ ഗവണ്മെൻറിൻെറ നിയന്ത്രണം സ്വയംഭരണസ്ഥാപനങ്ങളുടെമേൽ ഉണ്ടാവുമെന്നുള്ള ഒരു ബോധം അവർക്കുണ്ടായാൽ അവർ വഴിതെറ്റിപ്പോകാതെ സൂക്ഷിച്ചു് നിയമങ്ങൾ കൈകാര്യം ചെയ്യുന്നതോടൊപ്പംതന്നെ ആ ഒരു ബോധം സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും ഉണ്ടാകുന്നതാണു്. എന്നാൽ ഈ അധികാരങ്ങൾ ഗവണ്മെൻറു് ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിച്ചേക്കും എന്നുള്ള ഭീതിയാണു് ഇവിടെ പ്രകടമായി കണ്ടതു്. ആ ഭീതി ഇല്ലാതാക്കിത്തീർക്കാൻ ഗവണ്മെൻറു് പരമാവധി പരിശ്രമിക്കണമെന്നും, സൗകര്യപ്രദമായൊക്കെ വരുന്നസമയത്തു്, ആ കൗൺസിലുകളെ പിരിച്ചുവിട്ടാൽ ഒരുസംഭവവികാസം വരുന്ന സമയത്തു്, വളരെ കരുതലോടുകൂടി ആ കൗൺസിലുകൾക്കു് പറയുവാനുള്ള അവസരം ശരിക്കും കൊടുത്തതിനുശേഷം മാത്രമേ അതു പിരിച്ചുവിടാനുള്ള നടപടിക്കു് ഗവണ്മെൻറു് ശ്രമിക്കാവൂ എന്നും ഈ അവസരത്തിൽ ഉണർത്താൻ ഞാൻ ആഗ്രഹിക്കുകയാണു്.

മറ്റൊന്നു്, കാമൺ സ്വീസിനെ സംബന്ധിച്ചാണു് എനിക്കു് പറയുവാനുള്ളതു്. ഇന്നതന്നെ മുനിസിപ്പാലിറ്റികളിൽ ആ മുനിസിപ്പാലിറ്റികളുടെ പരിധിക്കു് വെളിയിലുള്ള ജനവിഭാഗങ്ങൾക്കു് ആ മുനിസി

LIBRARY ARCHIVES Kerala Legislative Assembly

പ്പാലിറ്റികളിൽ ഉദ്യോഗം ലഭിക്കുവാൻ സൗകര്യവും സാഹചര്യവുമില്ല എന്നുള്ളകാര്യം കണക്കിലെടുത്തുകൊണ്ടാണു് ഈ കാമൺ സപ്ലീസു് സംവിധാനം ചെയ്തിട്ടുള്ളതു്. ആ കാമൺസപ്ലീസു് വ്യവസ്ഥ നടപ്പിൽ വരുത്തുന്ന സമയത്തു് ഇന്നു ഗവണ്മെൻറു് എയിഡഡു് ഇൻഡസ്ട്രീസിൻ നടക്കുന്ന മാതിരി നടക്കാതിരിക്കാൻ പ്രത്യേകിച്ചു് ശ്രദ്ധിച്ചാൽ ഉപകാരമായിരിക്കും. ഒരു മുൻസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥന്മാരുടെ നേക്കു് ആ സ്വയംഭരണ സ്ഥാപനത്തിനു് ഈ കാമൺ സപ്ലീസുകൊണ്ടു് ഒരു കൺട്രോളും ഇല്ലാതെവരുമെന്നുള്ള ഭീതി സ്വാഭാവികമായി വരുന്നതാണു്. ഗവണ്മെൻറു് നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം മേയക്കോ, ഡെപ്യൂട്ടി മേയക്കോ യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുകയില്ലെന്നും, അവക്കു യാതൊരു ലാഭനഷ്ടവും കാണുകയില്ലെന്നുമുള്ള സംശയവും ഉണ്ടാകുന്നതാണു്. അതില്ലാതാക്കാൻ കാമൺസപ്ലീസു് രൂപം നടപ്പിൽവരുത്തുന്ന സമയത്തു് അതിനുള്ള വ്യവസ്ഥകളും ഉണ്ടാക്കാൻവേണ്ടി ഗവണ്മെൻറു് പരിശ്രമിക്കണമെന്നും ഞാൻ ഈ അവസരത്തിൽ ഉണർത്തുകയാണു്.

മറ്റൊന്നു എനിക്കു് പറയുവാനുള്ളതു്, പഞ്ചായത്തു് തിരഞ്ഞെടുപ്പിൻെറ നോട്ടിഫിക്കേഷൻ ആദ്യം വന്ന സമയത്തും, പഞ്ചായത്തുതിരഞ്ഞെടുപ്പു് കഴിഞ്ഞു് പ്രസിഡൻറിൻേറയും വൈസ്പ്രസിഡൻറിൻേറയും തിരഞ്ഞെടുപ്പു ഉടനടിയുള്ള കാര്യങ്ങളും വന്ന സമയത്തും റ്റൗൺകളുടെ ഭേദഗതിയുടെ കാര്യത്തിൽ ഒരു ഘോഷയാത്ര തന്നെ ഇവിടെ നടത്തിക്കൊണ്ടിരിക്കുകയാണു്. ഫ്ലൂറ്റ ഗസറ്റു് എപ്പോഴും എടുത്തുനോക്കിയാലും മുനിസിപ്പാലു പഞ്ചായത്തു ഭേദഗതികളും മുനിസിപ്പൽ ഭേദഗതികളും കാണാൻസാധിക്കും. ഇതിൻെറ കറിജിനൽ ആക്ടു് എന്താണെന്നു മനസ്സിലാക്കാൻ സാധിക്കാത്ത വിധത്തിൽ അത്രയധികം ഭേദഗതികളും ഈ റൂളുകളിൽ വന്നുകൊണ്ടിരിക്കുകയാണു്. ആ കാര്യത്തിൽ ഒരു പ്രത്യേക ശ്രദ്ധവച്ചു് റൂളുകളുടെ ഭേദഗതി നടപ്പിൽവരുത്തുന്നകാര്യത്തിലെങ്കിലും ഒരു നിയന്ത്രണം വരുത്തണമെന്നു ഞാൻ ഈ അവസരത്തിൽ വിനീതമായി ഗവണ്മെൻറു ഭാഗത്തോടു് അപേക്ഷിക്കുകയാണു്. അതിൻെറ കാരണംഎന്താണെന്നുവച്ചാൽഅധികാരത്തിൽവന്നിട്ടുള്ള കൗൺസിലുകാരുടെയോ പഞ്ചായത്തുബോർഡുകാരുടെയോ എവിടെനിന്നുകൊണ്ടുവരണം നടത്തണമെന്നുള്ള ഒരു എത്തും പിടിയുമില്ലാത്ത രീതിയിലാണു് റൂളുകളും ഭേദഗതിചെയ്യുന്നതു്. അതൊന്നു നിറുത്തണം. ആവശ്യമായ റൂളുകളും വ്യക്തമായ കാലഘട്ടത്തിനുള്ളിൽ ഉണ്ടാക്കുകയും, അതു ഭേദഗതിചെയ്യുകയും, പിന്നീടു് ആവശ്യമായിവരികയാണെങ്കിൽ പ്രത്യേകം പരിശോധന നടത്തുകയും ചെയ്തതിനുശേഷം നേരത്തെ ഭേദഗതിവരുത്തുകയും ചെയ്യുകയല്ലാതെ ദിവസേന റൂളുകളും ഭേദഗതി ചെയ്യുന്ന നടപടി അടിയന്തിരമായി നിറുത്തേണ്ടതാണു്.

കോഴിക്കോടു് കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അതിൻെറ റവന്യൂ വരുമാനത്തിൽ, വളരെയധികം കിട്ടാവുന്നിടത്തോളം വിഹിതം ഇനിയും കിട്ടാതെ ബാക്കിയാണെന്നു പരാതിയുണ്ടു്. വാഹനനികുതികളുടെ വിഹിതംതന്നെ ഒരു 25—30—ം കൊല്ലത്തെ പ്രപ്പോർഷനനുസരിച്ചാണു് ഇന്നും കൊടുക്കുന്നതു്. അതിനുശേഷം വന്നിട്ടുള്ള വാഹനങ്ങളുടെ വർദ്ധനവനുസരിച്ചുള്ള സെസ്സിൻെറ വിഹിതം കിട്ടുന്നില്ലെന്നുള്ള പരാതിയുണ്ടു്. ഇതൊക്കെ ഗവണ്മെൻറു് പരിശോധിക്കണം, വാസ്തവത്തിൽ നമ്മുടെ തെക്കേഇൻഡ്യയിൽതന്നെ എന്നുപറയാം, ഒന്നാം സ്ഥാനത്തുനിൽക്കുന്ന ഒരു ബസ്സ്സ്റ്റാൻഡു് കോഴിക്കോടു് കാർപ്പറേഷനിലുണ്ടു്. അതിൽനിന്നു ന്യായമായി ലഭിക്കേണ്ട നികുതി ഇന്നു കാർപ്പറേഷനു് ലഭിക്കുന്നില്ലെന്നുള്ള പരാതിയെപ്പറ്റി അന്വേഷിച്ചു് അതു നിറുത്തലാക്കാൻ ഗവണ്മെൻറു് വേണ്ടനടപടിയെടുക്കണം.

സ്റ്റാംക്ഡ്യൂട്ടിയെ സംബന്ധിച്ചിടത്തോളം എനിക്കു് പറയുവാനുള്ളതു് സ്റ്റാംക്ഡ്യൂട്ടിയുസു് നിയമം നടപ്പിൽവരുത്തുന്നകാര്യത്തിൽ വളരെവിഷമമുണ്ടെന്നുള്ള കാര്യം കാർപ്പറേഷൻതന്നെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. സ്റ്റാംക്ഡ്യൂട്ടിയുസു് സ്റ്റീം നമ്മുടെ നാട്ടിൽ നടപ്പിൽ വരുത്താനുള്ള പ്രായോഗികവിഷമതകളെന്താണെന്നുള്ളതു്

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറ് മനസ്സിലാക്കണം. ഒന്നുകിൽ കാർപ്പറേഷന് സ്വന്തമായ സ്ഥലം വേണം. അല്ലെങ്കിൽ ആരുടെയൊക്കെ എവിടെയായാലെ വീടുകെട്ടിക്കൊടുക്കണമോ അതിനു് ആവശ്യമായസ്ഥലം അടിയന്തിരമായി ഉണ്ടാകണം. ചെറപ്പുര നിർമ്മാർജ്ജനത്തിനു് ഇന്നു തടസ്സമായി നിൽക്കുന്നതു് കാർപ്പറേഷനു് സ്ഥല മില്ല എന്നുള്ളതാണു്. ഒന്നുകിൽ അന്യരുടെ സ്ഥലത്തോ, അല്ലെങ്കിൽ കാർപ്പറേഷൻ ഇതിനാവശ്യമായസ്ഥലം ഒറ്റിക്കെട്ടത്തോ ഈ പദ്ധതി നടപ്പാക്കാൻ ശ്രമിക്കണം. ഇതു പ്രയോഗിക്കുമ്പോഴുണ്ടാകുന്ന വൈഷമ്യങ്ങളും കാർപ്പറേഷൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചിടത്തോളം ഈ സ്കീം നടപ്പിൽവരുത്തുന്നതിനു് രൂപകളിൽ വ്യത്യാസം വരുത്തുന്നതിനാവശ്യമായ നടപടികളും എന്താണെന്നുള്ളതു് ഗവണ്മെൻറ് പരിശോധിക്കുകയും അതിനുവേണ്ട നടപടികളും കൈക്കൊള്ളുകയും ചെയ്യണം. കോഴിക്കോടു് കാർപ്പറേഷനു് ഒരു ദിവസം നേരംവെളുക്കുമ്പോഴേക്കാണുന്ന ചെറപ്പുരകളെല്ലാം മാറാൻ സാധിക്കുകയില്ല. ഇൻഡ്യയുടെ തലസ്ഥാനനഗരിയായ ഓൾഡു് ഡൽഹിയിലെ നില എന്താണെന്നു നാം ചിന്തിക്കണം. അവിടെപോയി നോക്കിയാൽ നമ്മുടെ നാട്ടിലെപോലെ അവിടെയും ചെറപ്പുരകളും കാണാൻസാധിക്കും. ഇതിനുവളരെക്കാലം മുമ്പുതന്നെ ഈ സ്കീം നടപ്പിൽവരുത്തുന്നതിനു് ആത്മാർത്ഥമായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഡൽഹി പട്ടണത്തിൽപോലും ഉദ്ദേശിച്ചതരത്തിൽ ഇതിന്റെ പ്രവർത്തനം സ്പീഡപ്പു ചെയ്യാൻ സാധിക്കാത്ത പരിതസ്ഥിതി ഉണ്ടായിരിക്കുകയാണു്. അങ്ങനെയുള്ള ഈ കാലഘട്ടത്തിൽ കോഴിക്കോടു് കാർപ്പറേഷനു് ഏതാനും ദിവസങ്ങംകൊണ്ടോ അല്ലെങ്കിൽ ഏതാനും മാസങ്ങംകൊണ്ടോ ഈ സ്കീം നടപ്പിൽവരുത്തി എല്ലാം ശരിപ്പെടുത്താമെന്നും, അല്ലെങ്കിൽ അതെല്ലാം മാളിക വീടുകളാക്കി മാറാമെന്നുമുള്ള ഒരു ധാരണ ഈ ഭാഗത്തിരിക്കുന്ന ഞങ്ങളെ സംബന്ധിച്ചിടത്തോളമില്ല. അതിനു പല പ്രയാസങ്ങളുമുണ്ടു്. ആ വക പ്രയാസങ്ങളും എന്താണെന്നു മനസ്സിലാക്കി ആ വക കാര്യങ്ങളിൽ വേണ്ട കരുതൽനടപടി സ്വീകരിച്ചാൽ മാത്രമേ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളു.

സർ, എന്റെ സ്നേഹിതൻ ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ ഹരിജൻ വണ്ടിക്കാരെ സംബന്ധിച്ചിടത്തോളം പറയുകയുണ്ടായി. പട്ടണപ്രദേശങ്ങളിൽ ആളുകളെ വഹിച്ചുകൊണ്ടുപോകുന്ന ആളുകളും വലിക്കുന്ന വണ്ടികളും ഉണ്ടാകാൻ പാടില്ലെന്നു അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ആ ഭാഗത്തിൽ എന്റെ പ്രത്യേക ഒരു സംഭാവനകൂടി നൽകുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. ആട്ടോറിക്ഷാ സംപ്രദായം നടപ്പിൽ വരുത്താനും, അതിനു പ്രോത്സാഹനം കൊടുക്കാനും, പട്ടണപ്രദേശങ്ങളിൽ അതിന്റെ ആവശ്യത്തിനു് സഹായധനം കൊടുക്കാനും ഗവണ്മെൻറിനു് ഒരു സ്കീമുണ്ടു്. കോഓപ്പറേറ്റീവു് സൊസൈറ്റികളുണ്ടാക്കി കൈകൊണ്ടു റിക്ഷാവലിക്കുന്നതിനുപകരം ആട്ടോറിക്ഷ ആസ്ഥാനത്തു വരണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടുകൂടിയാണു് ഈ സ്കീം നടപ്പിൽ വരുത്തിയിട്ടുള്ളതു്. അതിനു മിക്ക പട്ടണപ്രദേശങ്ങളിലും നടപ്പിൽ വന്നിട്ടില്ലെന്നുള്ള പരാതി നിലവിലുണ്ടു്. കോഓപ്പറേറ്റീവു് സൊസൈറ്റികളും രജിസ്റ്റർചെയ്തുകഴിഞ്ഞാൽ ആവശ്യമായ സഹായം ലഭിക്കുന്നതിനുള്ള പ്രോത്സാഹനം കിട്ടുന്നില്ലെന്നു ഇന്നു പലരുടെയും പരാതിയുണ്ടു്. ഈ പരാതി മാറ്റി ഇങ്ങനെ ആട്ടോറിക്ഷാ തൊഴിലാളികളായി ഇവരെ രൂപാന്തരപ്പെടുത്താൻവേണ്ടിയുള്ള സഹായങ്ങളും സഹകരണങ്ങളും നൽകുന്നകാര്യത്തിൽ ഗവണ്മെൻറ് അടിയന്തിരമായ ശ്രദ്ധചെലുത്തണമെന്നു ഞാൻ അപേക്ഷിക്കുകയാണു്. ഈ ബില്ലിന്റെ മൂന്നാം വായനസമയത്തു് കൂടുതലൊന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഒരു കാര്യം ഗവണ്മെൻറ് പ്രത്യേകമായി മനസ്സിലാക്കേണ്ടതുണ്ടു്. കോഴിക്കോടു് കാർപ്പറേഷൻ ഉണ്ടായതുതൊട്ടു് ഇതുവരേയും ഈ ഗവണ്മെൻറിന്റെ പേരിൽ ഒരു പരാതി ഇന്നും നിലനില്ക്കുന്നുണ്ടു്. അതെന്താണെന്നു പരിശോധിക്കണം. കോഴിക്കോടു കാർപ്പറേഷൻ കമ്മ്യൂണിസ്റ്റുപാർട്ടി ഭരിക്കുന്നതുകൊണ്ടു് സ്വാഭാവികമായും അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സഹായങ്ങളും സഹകരണങ്ങളും നൽകുന്നകാര്യത്തിൽ ഗവണ്മെൻറുഭാഗത്തു നിന്നു് ഒരു ചിറ്റമ്മനയം സ്വീകരിച്ചിട്ടുണ്ടെന്നുള്ള പരാതി മേലിൽ ഇല്ലാതാക്കിത്തീർക്കാൻ ഗവണ്മെൻറു് പരിശ്രമിക്കണമെന്നും, ഏതു പാർട്ടിക്കായിരുന്നാലും ഭൂരിപക്ഷം കിട്ടിയാൽ ജനാധിപത്യ വ്യവസ്ഥിതിയനുസരിച്ചു് അവക്കു് ഭരിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കിക്കൊടുത്തു് ഈ പരാതി ന്യായമായിട്ടും ആത്മാർത്ഥമായിട്ടുള്ളതാണെങ്കിൽ അതു തിരുത്താൻ ബഹുമാനപ്പെട്ട മന്ത്രിയും ഗവണ്മെൻറും പരിശ്രമിക്കണമെന്നു് ഒന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എൻറെ വാക്കുകൾ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ബില്ലിൻറെ മൂന്നാംവകുപ്പിനു് ബാധകമായി 3 (എ) എന്നൊരു ഉപസെക്ഷൻ കൂട്ടിച്ചേർത്തിട്ടുണ്ടു്. അതു് നടപ്പിൽ വരുത്തുന്ന സമയത്തു് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണു്. ശ്രീമാൻ ഹസ്സൻഗനി സൂചിപ്പിച്ചതുപോലെ എറണാകുളം, മട്ടാഞ്ചേരി, ഫോർട്ട കൊച്ചി എന്നിവിടങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടു് ഒരു കാർപ്പറേഷൻ രൂപീകരിക്കണമെന്ന ആശയം രൂപം കൊണ്ടിട്ടു് അഞ്ചെട്ടുവർഷങ്ങളായി. ചില മുനിസിപ്പാലിറ്റികളും ഈ കാര്യത്തിൽ പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ മുൻപു സമ്മതിച്ചിട്ടുള്ളതാണു്. പക്ഷേ ഇത്രയും കാലമായിട്ടും അവിടെ ഒരു കാർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള നടപടി എടുത്തുകാണുന്നില്ല. അവിടെയുള്ള ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളുടെ ഭാഗത്തുനിന്നു് വരട്ടെ എന്ന നിലയിലായിരിക്കാം ഗവണ്മെൻറു് ഈ കാര്യത്തിൽ മുൻകൈ എടുക്കാതിരിക്കുന്നതു്. പക്ഷേ ഒരു പുതിയ സെക്ഷൻ ഈ കാര്യത്തിൽ ഗവണ്മെൻറിനെ നിയമപരമായ ഒരു മുൻകൈ പ്രദാനം ചെയ്യുന്നുണ്ടു്. ആ മുൻസിപ്പാലിറ്റികളുടെയെല്ലാം അഭിപ്രായം അറിയുന്നതിനുവേണ്ടി കാത്തിരിക്കാതെ ആ മുനിസിപ്പാലിറ്റികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടു് ഒരു കാർപ്പറേഷൻ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവണ്മെൻറിൻറെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണു് എനിക്കു് അഭ്യർത്ഥിക്കുവാനുള്ളതു്. ഇതു പറയുമ്പോൾ അവിടെയുള്ള മുൻസിപ്പാലിറ്റികളുടെ അഭിപ്രായത്തിനെതിരായി എന്തെങ്കിലും നടപടി എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുകയല്ല. അവരുടെ അഭിപ്രായങ്ങൾകൂടി അറിഞ്ഞുകൊണ്ടു് കഴിയുന്നത്രവേഗത്തിൽ ഇതിനുവേണ്ട നടപടി ഗവണ്മെൻറു ഭാഗത്തുനിന്നുണ്ടാകണം, സ്വയംഭരണ സ്ഥാപനങ്ങൾക്കു് ഇപ്പോൾ കൂടുതൽ അധികാരം, അതുപോലെ കൂടുതൽ അവകാശം എന്നുള്ള കാര്യങ്ങളോടൊപ്പം തന്നെ നമ്മുടെ രാജ്യത്തുനിവസിക്കുന്ന ജനങ്ങളുടെ ചില പ്രത്യേക പ്രശ്നങ്ങളും മുന്നോട്ടുവരികയുണ്ടായിട്ടുണ്ടു്. ഈയിടെ അവിടെയുള്ള കേന്ദ്രഗവണ്മെൻറു ജീവനക്കാരും, പൊതുകാര്യങ്ങളിൽ താൽപ്പര്യമുള്ളവരുമൊക്കെത്തന്നെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ഉയർന്നുവന്നിട്ടുണ്ടു്. എറണാകുളം പട്ടണത്തെ (എ) ക്ലാസ്സു് സിറ്റിയായി പ്രഖ്യാപിക്കണമെന്നുള്ളതു് അവിടെയുള്ള എല്ലാ കേന്ദ്രഗവണ്മെൻറു ജീവനക്കാരും, അവരുടെ സംഘടനകളും, നമ്മുടെ രാജ്യത്തെ എം. പി. മാരും, അവിടെയുള്ള എം. എൽ. എ. മാരും, ബഹുജനസംഘടനാ നേതാക്കന്മാരും എല്ലാം ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ള ഒരു പ്രശ്നമാണു്. ഇൻഡ്യയിൽ (എ) ക്ലാസ്സു് സിറ്റികളായി പ്രഖ്യാപിച്ചിട്ടുള്ള സിറ്റികളേക്കാളും കൂടുതലായി ജീവിതസൂചിക നിൽക്കുന്ന പ്രദേശമാണു് ആലുവാ, മട്ടാഞ്ചേരി, എറണാകുളമടങ്ങുന്ന ഭാഗം. എറണാകുളം (എ) ക്ലാസ്സു് സിറ്റിയായി ഉയർത്തുന്നതിനു്, ജനസംഖ്യയുടെ കാര്യത്തിലും മറ്റും ചില തടസങ്ങളും ഇന്നു നിലനിൽക്കുകയാണു് ഈ തടസങ്ങൾ നീക്കി ഇന്നു നമ്മുടെ നാട്ടിൻറെ പ്രത്യേകതക്കനുസരിച്ചു് ആവശ്യമായ നടപടികളും വിട്ടുവീഴ്ചകളും കേന്ദ്രഗവണ്മെൻറിനെക്കൊണ്ടു ചെയ്യിക്കുന്നതിനു് വേണ്ട ഈ ഗവണ്മെൻറിൻറെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണു്. എറണാകുളത്തിലെ മട്ടാഞ്ചേരിയും ഫോർട്ടുകൊച്ചിയും ഇന്നു വ്യാവസായികമായി വികസിച്ചുവരുന്ന പ്രദേശങ്ങളാണു്. ആലുവാ തൊട്ടടുത്തുകിടക്കുന്ന പ്രദേശമാണെങ്കിലും വേറെ നിൽക്കുന്നതുകൊണ്ടു്, ഒരു യൂണിറ്റ് എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിലക്കു്, അധികൃതമായി ഇതിനൊരഭിപ്രായം പറയുന്നതിനു് സൗകര്യമുള്ള ഒരു സ്വയംഭരണ സ്ഥാപനം ഇന്നു നിലവിലില്ലാത്തതുകൊണ്ടു് ഈ കാര്യത്തിൽ തടസ്സമുണ്ടു്. തിരുവനന്തപുരത്തേയോ കോഴിക്കോട്ടേയോ അപേക്ഷിച്ചു് ഒരു തുറമുഖ പട്ടണം എന്നുള്ള നിലക്കും ഇവയിടെ സ്ഥാപിച്ചിട്ടുള്ള ചില പ്രധാനപ്പെട്ട വ്യവസായങ്ങളുടെ കേന്ദ്രമെന്ന നിലക്കും നമ്മുടെ കേരളത്തിൽ ഏറ്റവും വികസനസാദ്ധ്യതയുള്ള ഒരു പ്രദേശമായിത്തീർന്നിരിക്കുകയാണു് എറണാകുളം. പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഈ പ്രദേശങ്ങളുടെ ഭാഗമെല്ലാം കൂട്ടിച്ചേർത്തുകൊണ്ടു് ഒരു കാർപ്പറേഷൻ രൂപീകരിക്കുന്നതിനു് ഗവണ്മെൻറുദ്യോഗത്തുനിന്നും വേണ്ട നടപടി സ്വീകരിച്ചു മുൻകൈ എടുക്കണമെന്നും, ഈ കാര്യത്തിൽ ഗവണ്മെൻറിൻെറ നില എന്താണെന്നു വ്യക്തമാക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഈ കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവന്നു കൊള്ളുന്നു.

ശ്രീ, ഇ. പി. ഗോപാലൻ: സ്പീക്കർ സർ, കേരളത്തിനൊട്ടാകെ ബാധകമാകത്തക്കവിധത്തിൽ ഒരു കാർപ്പറേഷൻ നിയമം രൂപപ്പെട്ടു വരുക എന്നുള്ള അർത്ഥത്തിൽ ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നുണ്ടു്. എന്നാൽ ഇങ്ങനെയൊരു നിയമം വാർത്തെടുക്കുന്ന അവസരത്തിൽ ശ്രദ്ധിക്കപ്പെടേണ്ട പ്രധാനപ്രശ്നങ്ങളല്ല ഇതിൽ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതു് എന്ന കാരണത്താൽ, എനിക്കു് യോജിക്കാൻ കഴിയാത്ത ചില കാര്യങ്ങളും ഈബില്ലിലുണ്ടെന്നു ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്, ഭേദഗതികൾ ചർച്ച ചെയ്ത അവസരത്തിൽ ഞാൻ ഇക്കാര്യം പ്രസ്താവിച്ചിട്ടുണ്ടു്. ഇപ്പോഴും കേരളത്തിൽ നിലവിലുള്ളതു് രണ്ടു കാർപ്പറേഷനുകളാണു്. അടുത്തതന്നെ മൂന്നാമതൊന്നു് ഉണ്ടാവുമെന്നു് പ്രതീക്ഷിക്കുന്നവരുണ്ടു്. നിലവിലുള്ള കോഴിക്കോട്ട കാർപ്പറേഷൻ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതോടുകൂടി അതു് തിരുവനന്തപുരത്തേക്കു് ബാധകമാക്കാമെന്നു്, ഗവണ്മെൻറു് ഉറപ്പിച്ചിട്ടുണ്ടു്. ചില മാസങ്ങൾക്കുമുമ്പു നടത്തേണ്ട തിരുവനന്തപുരം കാർപ്പറേഷൻ തിരഞ്ഞെടുപ്പു് ഇത്തരം ഒരു ഏകീകൃതമായ നിയമം ഇല്ലാത്തതിൻെറ ഫലമായിട്ടാണു് നീട്ടിവയ്ക്കേണ്ടി വന്നതെന്നു് ഇവിടെ പ്രസ്താവിച്ചിട്ടുണ്ടു്. അതിനു് നിയമപരമായിട്ടുള്ള സംരക്ഷണ നടപടികളും ഈ സഭ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. നിലവിലുള്ള കാർപ്പറേഷൻ നിയമം ഭേദഗതി ചെയ്യുന്ന അവസരത്തിൽ നമ്മുടെ കാർപ്പറേഷനുകളുടെ സംവിധാനത്തിലുള്ള പോരായ്മകളും നികത്തുന്നതിനു ശ്രമം നടത്തേണ്ടതായിരുന്നു. കാർപ്പറേഷനുകളുടെ അപര്യാപ്തതകളും ഓരോന്നായിട്ടു് പുറത്തുകൊണ്ടുവന്നു് പരിഹാരം കാണാൻ ശ്രമിച്ചെങ്കിൽ എത്ര നന്നായിരുന്നു! കാർപ്പറേഷനുകളുടെ ധനാഗമമാർഗ്ഗങ്ങളും വളരെ ശുഷ്കിച്ചവയാണു്. പലതിനും ഗവണ്മെൻറു് ഗ്രാൻറാണു് ഇന്നും അവലംബം. ഗവണ്മെൻറു് ഗ്രാൻറു കണക്കാക്കുന്നതു് പഴയ കാലത്തെ കണക്കുകളെ ആധാരമാക്കിയുമാണു്. അതിലൊന്നും മാറ്റമില്ല. ഗ്രാൻറു് വർദ്ധിപ്പിച്ചു കൊടുക്കാൻ ഗവണ്മെൻറിനു സാദ്ധ്യമല്ലെന്നുള്ള നിലയാണു് സ്വീകരിച്ചുകാണുന്നതു്. കാർപ്പറേഷനുവിട്ടുകൊടുത്തിട്ടുള്ള നികുതിയിനങ്ങൾ വളരെയധികം വികസനസാദ്ധ്യതകളും ഉള്ളവയല്ലെന്നു തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. ആ വരവുകൊണ്ടു് കാർപ്പറേഷനുകൾ ഉദ്ദേശിക്കുന്ന നന്മപ്രവൃത്തികളും ചെയ്യാൻ കഴിയുന്നില്ല. ഇങ്ങനെ ഒരു വിഷമഘട്ടത്തിലാണു് നിലവിലുള്ള കാർപ്പറേഷനുകൾ പ്രവർത്തിക്കുന്നതു്. ഇതിലൊന്നും ആക്ഷേപം തക്കമുണ്ടാവില്ല. ഈ നില മാറ്റുന്നതിനു് എന്താണു വഴിയെന്നു് ബന്ധപ്പെട്ടവർ നിലവിലുള്ള കോഴിക്കോടു് കാർപ്പറേഷൻ നിയമം ഭേദഗതി ചെയ്യുമ്പോഴും ചിന്തിച്ചിട്ടില്ല. അഥവാ അവിടെനിന്നല്ല ഈ ഭേദഗതി നിയമത്തിൻെറ ആരംഭംതന്നെ. തിരുവനന്തപുരം കാർപ്പറേഷനുകൂടി ബാധകമാകത്തക്കവിധത്തിൽ നിലവിലുള്ള നിയമം ഭേദഗതി ചെയ്യണം. അങ്ങനെ ഭേദഗതി ചെയ്യുമ്പോഴും, ഇനി ഒരു കാർപ്പറേഷൻ ഉണ്ടാവുകയാണെങ്കിൽ അതിനുകൂടി ഇതു് സഹായകമാകണം. ഇങ്ങനെ ഒരു പുരുങ്ങിയ വൃത്തത്തിൽ നിന്നുകൊണ്ടുമാത്രമാണു് ഈ നിയമനിർമ്മാണത്തിനു്

[10. A M.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിച്ചിട്ടുള്ളതെന്നു വ്യക്തമാണു്. എന്നാൽ ഈ ഉദ്ദേശത്തിന്റെ നാലതിരു കൾക്കുള്ളിൽ നിന്നിരുന്നുവെങ്കിൽ അതിനൊരുചിതമുണ്ടു്. ഒരു കാര്യത്തിൽ ആ അതിർവിട്ടുകളഞ്ഞതിൽ ആക്ഷേപമുണ്ടു്, കോർപ്പറേഷനുകളുടെ പ്രവർത്തനത്തിൽനിന്നു സിദ്ധിച്ച പാഠങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് ഇനിയും അവ അഭിവൃദ്ധിപ്പെടുത്തുന്നതിനു് എന്തെങ്കിലും നിർദ്ദേശങ്ങളും ഉൾക്കൊള്ളിക്കേണ്ടതായിരുന്നു. ആ വഴിക്കു പോയില്ലെന്നു മാത്രമല്ല അതിനെതിരായ വഴിക്കു് ബുദ്ധിയും ശ്രദ്ധയും പോവുകയും ചെയ്തു, അതാണു് കൂടുതൽ അധികാരം പിടിച്ചുപറ്റാൻ നോക്കിയതു്. ആ ഭേദഗതികളെയാണു് ഞാൻ എതിർത്തതു്. ഈ ഭേദഗതികളുടെ കാതലെന്താണു്? ഗവണ്മെന്റിനു് കോർപ്പറേഷനുകളുടെമേൽ അധികാരം കുറവായതാണോ പ്രശ്നം? യഥാർത്ഥത്തിലല്ല. ഭേദഗതികളിൽ ചിലതു നോക്കിയാൽ അതാണെന്നു തോന്നും. ശ്രദ്ധ ആവഴിക്കു് തിരിച്ചു വിടുന്നതെന്തിനാണു്. ഗവണ്മെന്റു തന്നെയും ഈ കാരണം കൊണ്ടല്ലേ ഭേദഗതികളും കൊണ്ടുവന്നതെന്നു സമ്മതിക്കുമെന്നാണെന്റെ വിശ്വാസം. ഇവിടെ ബഹുമാനപ്പെട്ട പല മെമ്പറന്മാരും സൂചിപ്പിച്ചതുപോലെ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കേണ്ടിടത്തു് ശ്രദ്ധ ഊന്നുകയും, പരിഹാരമാർഗ്ഗങ്ങളും കാണുകയും ചെയ്യുന്നതിനു പകരം യഥാർത്ഥത്തിൽ ഗവണ്മെന്റു് ദൃഷ്ടി മറ്റൊരിടത്തേക്കു് വ്യാപിപ്പിക്കുകയും ശ്രദ്ധതിരിക്കുകയുമാണു് ചെയ്യുന്നതു്. കോഴിക്കോടു് കോർപ്പറേഷന്റെ അഭിവൃദ്ധിക്കു് ഇന്നു തടസമായി നിൽക്കുന്നതു് എന്താണു്? കോർപ്പറേഷന്റെ ധനാഗമമാർഗ്ഗങ്ങളുടെ അപര്യാപ്തതയാണു്. അതിനു പരിഹാരവും ഗവണ്മെന്റിനു് കൂടുതൽ അധികാരങ്ങളും കൊടുക്കുകയാണോ? എങ്കിൽ വിരോധമില്ല. ഇതുകൊണ്ടു് എല്ലാം ഭംഗിയായി നടക്കുമോ? ഭേദഗതികളിൽ പറയുന്നതുപോലെ കോർപ്പറേഷനെ ഡിസാംവു് ചെയ്യാനുള്ള അധികാരംകൂടി ഗവണ്മെന്റിനു കൊടുത്താൽ കോർപ്പറേഷന്റെ റിസോഴ്സസു് വർദ്ധിക്കുമോ? ഒരിക്കലുമില്ല, കോർപ്പറേഷന്റെ പ്രവർത്തനം, ധനാഗമമാർഗ്ഗങ്ങളും, എന്നിവ അഭിവൃദ്ധിപ്പെടുവാൻ വഴിവേറെ ആരായേണ്ടതാണു്. അതിനു് നിൽക്കുന്നില്ലെന്നു് മാത്രമല്ല, അധികാരത്തിന്റെ കാര്യത്തിൽ ഊന്നി നിൽക്കുകയും ചെയ്യുന്നു. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പുതിയ സമീപനം കുറേംതന്നെ ഇല്ല. പേരുകളും മാറിപ്പറയുന്നുണ്ടു്, ഫലത്തിൽ, പഴയതിന്റെ തുടർച്ച മാത്രമാണു്. ഇവിടെ ഒരു ആത്മപരിശോധനനടത്തേണ്ടതാവശ്യമാണു്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കു് വിശേഷിച്ചും നഗരങ്ങളിലെ സ്ഥാപനങ്ങളെന്നുള്ള നിലക്കു് കോർപ്പറേഷനുകളുടെ പ്രവർത്തനം പരമാർത്ഥത്തിൽ കാലോചിതമായി, ഇംപ്രൂവു് ചെയ്തിട്ടില്ല. ഇതിനുള്ള കാരണം എന്താണെന്നു പരിശോധിക്കുമ്പോൾ നമ്മൾ ചെന്നു മുട്ടുന്നതു് പണത്തിന്റെ കാര്യത്തിൽതന്നെയാണു്. ആ കാര്യത്തിൽ ചുഴിഞ്ഞാലോചിച്ചു് പുതിയ ധനാഗമമാർഗ്ഗങ്ങളും കണ്ടെത്താനുള്ള ശ്രമം നടത്തിയിട്ടില്ല. ഒന്നുകിൽ ഗവണ്മെന്റു് ഗ്രാന്റു് വർദ്ധിപ്പിച്ചു കൊടുക്കുക, ഇല്ലെങ്കിൽ കോർപ്പറേഷൻ ഇന്നു ചുമത്തുന്ന നികുതികളും കുറച്ചുകൂടി വർദ്ധിപ്പിക്കുക. ഇതിൽ ഏതാണു് സ്വീകാര്യം? നികുതികളും ഇനി വർദ്ധിപ്പിക്കാൻ പറ്റുമോ? സംശയമാണു്. ഗ്രാന്റു് കൂടുതൽ കൊടുക്കാൻ വഴിയില്ലെന്നു് ഗവണ്മെന്റു് പറയുന്നു. ഈ വിഷമ വൃത്തത്തിലാണു് ഇന്നത്തെ നിൽപ്പു്. ഈ നിലവിട്ടു്, ഈ ഭേദഗതികളിൽ ചിലതു കേവലം മറ്റൊരു വഴിക്കു് ചിന്ത തിരിച്ചു വിടുകയാണു്. ഈ ബില്ലിലുള്ള വകുപ്പുകളൊക്കെ മാറ്റിവച്ചു് നമുക്കു ചിന്തിക്കാം. എന്തു് അധികാരമാണു് കോർപ്പറേഷന്റെ കാര്യത്തിൽ ഗവണ്മെന്റിനു വേണ്ടതു് അതൊക്കെ എടുക്കാം. ഏതു ഘട്ടത്തിലായാലും സർവ്വാധികാരവും ഗവണ്മെന്റിന്റെ കൈയിലുണ്ടെന്നു സമ്മതിച്ചാൽ എങ്ങനെയാണു് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക? ഇന്നത്തേതിൽ നിന്നു് ഒരു വിധത്തിലും മെച്ചപ്പെടുത്തുകയില്ല. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് മറ്റു സംസ്ഥാനങ്ങളിൽ കോർപ്പറേഷൻ നിയമത്തിൽ എന്തൊക്കെ പറഞ്ഞിട്ടുണ്ടെന്നു് പരിശോധിക്കാൻ പോകുന്നതിൽ യാതൊരർത്ഥവുമില്ല. മറ്റു് സംസ്ഥാനങ്ങളിൽ, 1945-ൽ, 47-ൽ 50-ൽ 51-ൽ ഒക്കെ ഉണ്ടാക്കിയ നിയമനിർമ്മാണങ്ങളെ പരതിപ്പിടിക്കാൻ പോയിട്ടു് യാതൊരു കാര്യവുമില്ല. പലപ്പോഴും പ്രശ്നങ്ങളെ നേരിടാൻ കഴിയാതാവുമ്പോൾ, പിൻതിരിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുക സാധാരണ പതിവാണു്. മുന്നോട്ടു പോകുന്നതിനു് സഹായകരമായ നിലയിൽ, ഒന്നു് പിന്തിരിഞ്ഞു നോക്കുന്നതു് കൊള്ളാം. എന്നാൽ ഈ നിയമത്തിൽ തെറ്റായ ഒരു സമീപനമുണ്ടു്. ഗവണ്മെന്റിനു് കൂടുതൽ പൗവ്വഴ്സു് കിട്ടിയാൽകാര്യം ശരിപ്പെട്ടുവെന്നാണതു്. അതു് തെറ്റാണു് എന്നു് ഞാൻ സമർത്ഥിക്കുകയാണു്.

Mr. Speaker: Do you want Government to have no powers?

ശ്രീ. ഈ. പി. ഗോപാലൻ: ഗവണ്മെന്റിനു കൂടുതൽ പൗവ്വഴ്സു് കൊടുക്കണമെന്നു് വാദത്തിനുവേണ്ടി സമ്മതിച്ചാലും, കാർപ്പറേഷനുകളെ നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സാധിക്കുകയില്ല. അതാണു് പോയിന്റു്. പിന്തിരിഞ്ഞു നിൽക്കുന്ന നിലമാറണം. ഇത്തരം കാര്യങ്ങളും മുന്നോട്ടു കൊണ്ടുപോകുന്നതിനു എന്തു വേണ്ടുവെന്നാലോചിക്കണം. ഈ ബിൽ രൂപപ്പെടുത്തുമ്പോഴും ഗവണ്മെന്റു് അക്കാര്യം മാത്രം ആലോചിച്ചില്ല. ആ കാര്യത്തെ അടിസ്ഥാനപ്പെടുത്തിയാണു് ബഹുമാനപ്പെട്ട മെമ്പറന്മാർ ഇന്നു നിലവിലുള്ള കാർപ്പറേഷന്റെ പ്രവർത്തനത്തിലുള്ള പോരായ്മകളെപ്പറ്റി സംസാരിക്കുന്നതു്. ഗവണ്മെന്റു് ശ്രദ്ധിക്കേണ്ട കാര്യമാണു് ഞാൻ പറയുന്നതു്. കൂടുതൽകൂടുതൽ അധികാരങ്ങളും എന്ന വഴിക്കു പോകരുന്നതു്. അതുകൊണ്ടു് യാതൊരു ഗുണവുമില്ല. നേരെമറിച്ചു് ഇന്നുള്ള കാർപ്പറേഷനുകളുടെ പ്രവർത്തനം കൂടുതൽ ഇംപ്രൂവു് ചെയ്യുന്നതിനുള്ള മാർഗ്ഗം എന്താണെന്നു് ആലോചിക്കണം. അതുകൊണ്ടു കാര്യമുള്ള. അതിനു സഹായകമാകത്തക്കവിധത്തിൽ നിലവിലുള്ള ചട്ടക്കൂടു്, ധാരണകളും ഇതൊക്കെ മാറാൻ വേണ്ടിയുള്ള ശ്രമമാണു് നിയമനിർമ്മാണത്തിന്റെ കാര്യത്തിലും, രൂപകം ഉണ്ടാക്കുന്ന കാര്യത്തിലും, രൂപകളനുസരിച്ചു് ദൈനംദിന പ്രവർത്തനങ്ങളും നടത്തുന്ന കാര്യത്തിലും, സൂപ്പർവൈസു് ചെയ്യുന്ന കാര്യത്തിലും നടത്തേണ്ടതു്. കോർപ്പറേഷനുകളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ, ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനത്തിൽ മാറ്റം വരുത്തണം എന്നാണു് എന്റെ അഭിപ്രായം. നിലവിലുള്ള സമീപനത്തിൽ മാറ്റമുണ്ടാക്കാനെന്താണു വഴി? ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ പിടിയിൽനിന്നു് കഴിയുന്നതും കാർപ്പറേഷനുകളെ വിടുവിക്കുകയാണാവശ്യം.

പുതിയ പരിതസ്ഥിതിയിൽ അതിനു് പറ്റിയ രൂപം കണ്ടെത്തണം. അതിനു പകരം ഉദ്യോഗസ്ഥന്മാർക്കു് ഈ സ്ഥാപനങ്ങളുടെ മേൽ കൂടുതൽ കൺട്രോൾ ഉണ്ടാകണമെന്നുള്ള നിലയിലാണു് പ്രവർത്തിച്ചുകാണുന്നതു്. ഈ സ്ഥാപനങ്ങളെ സഹായിക്കുന്നതിനു പകരം നിലവിലുള്ള നിയമപ്രകാരം ഉദ്യോഗസ്ഥന്മാർക്കു് ഉള്ള അധികാരം ഇനിയും വർദ്ധിപ്പിക്കുകയാണു്. ഇതിന്റെ ഫലമോ ? ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം പിന്നേയും മോശമാകും എന്നതുതന്നെ.ഉദ്യോഗസ്ഥന്മാരുടെ മനോഭാവം മാറുന്നതിനു് നിയമം പാസാക്കിയതുകൊണ്ടോ, രൂംസിൽ ഭേദഗതി വരുത്തുന്നതുകൊണ്ടോ മാത്രം സാദ്ധ്യമാകയില്ല. കുറെ കാലത്തെ പ്രവർത്തനങ്ങളുടെ ഫലമായി അനുഭവസിദ്ധമാകേണ്ട ഒരു കാര്യമാണിതു്. ഇതിനു സഹായകമായ നിലയെടുക്കുന്നതിനു പകരം നിയമത്തിൽ മാറ്റം വരുത്തിക്കൊണ്ടു അവർക്കു് കൂടുതൽ അധികാരം കൊടുക്കുക, ബ്യൂറോക്രാറ്റിക്കായി അതുപയോഗിക്കുവാൻ സൗകര്യം കൊടുക്കുക ഇതെല്ലാമാണു് ചെയ്യുന്നതു്. ഇപ്പോഴുള്ള ലോക്കൽബോഡീസിനു കൊടുത്ത അധികാരം തിരിച്ചുപിടിക്കാതിരിക്കുക. കൊടുത്ത അധികാരം ന്യായമായി ഉപയോഗിക്കുവാനുള്ള ട്രയിനിംഗു് അവർക്കു കൊടുക്കണം. നിയമത്തിന്റെ പ്രവർത്തനം വഴി ഡമോക്രാറ്റിസേഷൻ എന്ന പ്രോസസ്, ഡീസെൻട്രലൈസേഷൻ എന്ന പ്രോസസ്, ഡവല്യൂഷൻ ആഫു് പവ്വേഴ്സു് എന്ന പ്രോസസ് സാധിതപ്രായമാക്കണം. നാളെയോ. മറ്റെന്നാളോ അധികാരമുപയോഗിച്ചു ഈ സ്ഥാപനങ്ങളും അങ്ങോട്ടു പിരിച്ചുവിടും എന്ന ഭയം

LIBRARY ARCHIVES Kerala Legislative Assembly

എനിക്കില്ല. ഈ നിയമം ഇങ്ങനെതന്നെ പാസാക്കിയാൽ ബ്യൂറോ ക്രാറ്റി ക്കായി അധികാരം ഉപയോഗിക്കപ്പെടും എന്നു മാത്രം. ഡെമോക്രസിയുടെ കാര്യത്തിൽ സഹായകമായ ഒരു നിലയല്ലാ ഇവിടെ എടുത്തിട്ടുള്ളതു്. പ്രഖ്യാപിതമായ ലക്ഷ്യങ്ങളിലെത്തുന്നതിനു് ഫലപ്രദമായ പ്രവർത്തനം ആവശ്യമാണു് എന്നു് പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഈ. പി. ഇയ്യപ്പൻ : സർ, വളരെ വൈകിയിട്ടാണെങ്കിലും ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്ന തിരുവനന്തപുരം സിറ്റി കോർപ്പറേഷനെ അനുഗ്രഹിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ആദ്യമായി അനുമോദിക്കുകയാണു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഇങ്ങനെ ഒരു ബിൽ കൊണ്ടുവരുമെന്നു ഈ സഭയിൽ പറഞ്ഞിട്ടുള്ള മൂന്നാമത്തെ മന്ത്രിയാണു് ശ്രീ. ദാമോദരമേനോൻ. ഇങ്ങനെ ഒരു ബിൽ കൊണ്ടുവരുമെന്നു പലപ്പോഴും പറഞ്ഞിട്ടുണ്ടെങ്കിലും അതു കൊണ്ടുവരുവാനുള്ള ഭാഗ്യം ശ്രീ ദാമോദരമേനോനുതന്നെ ഉണ്ടായതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഈ ബില്ലിനെ സംബന്ധിച്ചു ഇവിടെ നടന്ന പ്രസംഗം കേട്ടപ്പോഴും സ്വയംഭരണ സ്ഥാപനങ്ങൾക്കു് കൂടുതൽ അധികാരം കൊടുത്തിട്ടുണ്ടെന്നു ഗവണ്മെന്റു ഭാഗത്തുനിന്നു പറഞ്ഞതായി മനസ്സിലാക്കാൻ സാധിച്ചു. കൂടുതൽ അധികാരം സ്വയംഭരണസ്ഥാപനങ്ങൾക്കു കൊടുക്കുന്നതിനു് ഗവണ്മെൻറിനു ആഗ്രഹമുണ്ടെങ്കിലും അതിനോടു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് അങ്ങനെയൊരു ആഗ്രഹമുണ്ടായിട്ടില്ലെന്നുള്ളതു് ഈ ബില്ലെടുത്തു നോക്കിയാൽ വളരെ വ്യക്തമായി കാണാൻ സാധിക്കുന്നതാണു്. അതിനു് ഒരുദാഹരണം മാത്രം പറയാം. ഈ ക്ലാസു് 16-ം, 17-ം നോക്കിയാൽ അതിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്.

New Clauses 16 *and* 17 (*Original*) *Clause* 18)-The Committee consider that the power of appointment of Health Officer, Engineer etc., may continue to be with the Council subject to such rules as may be prescribed. Consequently new sections 84 and 85 proposed in the Bill have been omitted. Sections 84 and 85 of the principal Act are proposed to be amended to enable the Government to frame rules regulating the appointment of the above officers.

ഒറിജിനൽ ബില്ലിൽ എഴുതി വച്ചിരിക്കുന്നതു് കോർപ്പറേഷനിലെ ഹെൽത്താഫീസർ, ഇൻജിനീയർ ഇവരെയൊക്കെ നിയമിക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിനു വേണമെന്നാണു്. ഇതേവരെ ഹെൽത്താഫീസറെയും, ഇൻജിനീയരെയും നിയമിക്കുന്നതിനു അധികാരം തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം കോർപ്പറേഷനാണുണ്ടായിരുന്നതു്. അതെല്ലാം ഗവണ്മെൻറിനു വേണമെന്നാണു് എഴുതിവച്ചിരിക്കുന്നതു്. അങ്ങോട്ടു കൂടുതൽ കൂടുതൽ അധികാരം വേണമെന്നില്ലാതെ സ്വയംഭരണസ്ഥാപനങ്ങൾക്കു് കൂടുതൽ അധികാരം കൊടുക്കണമെന്നു ഗവണ്മെൻറിനു് ആഗ്രഹം കാണുന്നില്ല. ഇതിന്റെ കൺട്രോൾ ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ വരുത്തിക്കൊണ്ടുള്ള വ്യവസ്ഥ വേണമെന്നാണു് ഉദ്യോഗസ്ഥന്മാരുടെ ആഗ്രഹം. ഒരു ഹെൽത്താഫീസറെ കോർപ്പറേഷനു വേണമെന്നുണ്ടെങ്കിൽ അതിനു ഗവണ്മെൻറിന്റെ അനുവാദം വേണമെന്നാണു് വച്ചിരിക്കുന്നതു്. ഇത്തരത്തിലുള്ള സ്വയംഭരണസ്ഥാപനങ്ങളാണു് വേണ്ടതെന്നു ഉദ്ദേശമുണ്ടെങ്കിൽ അതു ഗവണ്മെൻറിന്റെ ഒരു ഡിപ്പാർട്ടുമെൻറായിട്ടു നടന്നാൽ പോരെ? കോർപ്പറേഷന്റെ കാര്യം ശരിയായിട്ടു് നടത്തുവാൻ മുമതലയുള്ള ഒരു ഉദ്യോഗസ്ഥനാണു് ഹെൽത്താഫീസർ. അതാരുവേണമെന്നു നിശ്ചയിക്കേണ്ടതു് കോർപ്പറേഷന്റെ ആളുകളാണോ, ഗവണ്മെൻറാണോ? കോർപ്പറേഷനു് അതിനധികാരമുണ്ടെന്നു തിരുവനന്തപുരം കോർപ്പറേഷൻ നിയമത്തിൽ എഴുതി വച്ചിട്ടുണ്ടെങ്കിലും ഗവണ്മെൻറാണു് അതു ചെയ്യുന്നതു്. കോർപ്പറേഷനു് ഒരു ഹെൽത്താഫീസറെ വേണമെന്നു ഗവണ്മെൻറിനു് എഴുതി അയച്ചാൽ ഗവണ്മെൻറു അതു് ഡി. എച്ചു്. എസ്-നു എഴുതി അയക്കും. അങ്ങനെ എഴുതിഅയച്ചിട്ടു് തിരുവനന്തപുരം കോർപ്പറേഷനു് റിട്ടയർമെൻറിനോടു അടുത്തിരിക്കുന്നവരും, അതു കഴിഞ്ഞിട്ടുള്ളവരും ആയ ആളുകളെ കിട്ടിയിട്ടുള്ളു. കോർപ്പറേഷനു് ഒരു ചെറുപ്പക്കാരനെ വേണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ സൗകര്യമുണ്ടെങ്കിൽ ഈയാളെ എടുക്കുക അല്ലെങ്കിൽ ഇഷ്ടമുള്ള ആളുകളെ നിയമിക്കുക എന്ന പറയുകയാണു പതിവു്. അതുപോലെ ഞങ്ങൾക്കു ഒരു ഇഞ്ചിനീയരെ വേണമെന്നു പറഞ്ഞാൽ ഒരു പാനൽ തരും. ആ പാനലിൽ ഒരു പേരിന്റെ സ്ഥാനത്തു് ഒരു വട്ടംവരച്ചു തരും. ആ ആളെ എടുത്തുകൊള്ളണം. ചില കാര്യത്തിൽ കാർപ്പറേഷനുമായി കൺസൽട്ടേഷൻ നടത്തണമെന്നു എഴുതി വച്ചിട്ടുണ്ടു്. പക്ഷേ കൺസൽട്ടേഷൻ ഒന്നും നടക്കുന്നില്ല. അവർ പറയുന്നതു് കോർപ്പറേഷൻ ചെയ്യുക എന്നു മാത്രമെയുള്ളു. കോർപ്പറേഷനു് ആരായാലും അത്ര വില കല്പിക്കുന്നില്ല. കോർപ്പറേഷനു് സമൂഹത്തിൽ ഉണ്ടായിരിക്കേണ്ട വില അവർ കല്പിക്കുന്നില്ല.

വേറെ ഒരു കാര്യമുള്ളതു് കോർപ്പറേഷന്റെ ഫൈനാൻസിന്റെ കാര്യമാണു്. പ്രോപ്പർട്ടി ടാക്സു്, പ്രൊഫഷണൽ ടാക്സു്, ഇവയിൽനിന്നാണു് കോർപ്പറേഷനു് പ്രധാനമായി വരവുള്ളതു്. പിന്നെ ഇപ്പോൾ സൈക്കിൾ ടാക്സും പിരിക്കാനുള്ള അവകാശം കിട്ടിയിട്ടുണ്ടു്. പ്രൊഫഷണൽടാക്സു് പിരിക്കുക എന്നുള്ളതു് കോർപ്പറേഷനു് വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണു്. ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരിൽനിന്നാണു് പ്രധാനമായും പ്രൊഫഷണൽ ടാക്സു പിരിക്കുന്നതു്. 40—120 സ്ലെയിലിലുള്ള കോർപ്പറേഷന്റെ ഒരു ജോലിക്കാരനാണു് ഇതു പിരിക്കുന്നതു്. അയാൾ ഗവണ്മെന്റു സെക്രട്ടറിയുടെ അടുത്തും, മറ്റും ഉദ്യോഗസ്ഥന്മാരുടെ അടുത്തും നിർബന്ധമായി പ്രൊഫഷണൽടാക്സു പിരിക്കുവാൻ ചെന്നാൽ അയാളെ പിന്നെ ആ സ്ഥാനത്തു കാണുകില്ല. പ്രൊഫഷണൽ ടാക്സു് കൃത്യമായി കൊടുക്കുന്ന കാര്യത്തിൽ ആരും അത്ര ശ്രദ്ധ വയ്ക്കുന്നതായി കാണുന്നില്ല. ഈ കൂട്ടത്തിൽ നല്ല ആളുകളുമുണ്ടു്. പെൻഷൻപറ്റി പോയിക്കഴിഞ്ഞാലും, പ്രൊഫഷണൽ ടാക്സിൽ ബാക്കിയുള്ള സംഖ്യ മണിയാർഡറായിട്ടു അയക്കുന്ന ആളുകളും ഉണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ ഉദ്യോഗസ്ഥന്മാർക്കു് ഗവണ്മെന്റു ഒരു നിർദ്ദേശം കൊടുത്താൽ തരക്കേടില്ല. വെള്ളം കൊടുക്കണം, ലൈറ്റു കൊടുക്കണം. റോഡു് ടാർ ചെയ്യണം ഇതിനൊക്കെ കോർപ്പറേഷനു് പണം എവിടെനിന്നാണു്. പ്രോപ്പർട്ടി ടാക്സും, പ്രൊഫഷണൽ ടാക്സും മാത്രം പിരിച്ചു കോർപ്പറേഷൻ നടത്താൻ സാദ്ധ്യമല്ല. കോർപ്പറേഷൻ ഇങ്ങനെ പിരിച്ചെടുക്കുന്ന പണം മുഴുവൻ ശമ്പളമായിട്ടു് കൊടുക്കുകയാണെന്നു പറയുന്നുണ്ടു്. അതു ശരിയല്ല. ഇങ്ങനെ പിരിച്ചെടുക്കുന്ന പണത്തിന്റെ അൻപതു ശതമാനം തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അതിലെ ജോലിക്കാർക്കു് ശമ്പളമായിട്ടു് കൊടുക്കുകയാണു്. പ്രൊഫഷണൽ ടാക്സു് വളരെ നിഷ്കൃഷ്ടമായി പിരിയുകയാണെങ്കിൽ ഈ ചെലവു പിന്നെയും കുറയുന്നതാണു്. ഇൻഡ്യാഗവണ്മെന്റിനു കുറെ കെട്ടിടങ്ങൾ ഇവിടെയുണ്ടു്. അതിനു ടാക്സു കൊടുക്കണമോ വേണ്ടയോ എന്ന കാര്യം ആലോചനയിലിരിക്കുകയാണു്. അക്കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകാത്തതുകൊണ്ടു് ഭീമമായ നഷ്ടം കോർപ്പറേഷനുണ്ടു്. തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം മറ്റൊരു ബുദ്ധിമുട്ടുണ്ടു്. രാത്രികാലം മുഴുവൻ, വെളുക്കുന്നതുവരെ ഇലക്ട്രിക് ലൈറ്റു് സപ്ലൈ ചെയ്യുന്നുണ്ടു്. അതിൽനിന്നും കോർപ്പറേഷനു കിട്ടുന്ന വരുമാനത്തിലും ഇരട്ടിയാണു് ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിനു കൊടുക്കേണ്ടി വരുന്നതു്.

മി. സ്പീക്കർ : ഇതൊക്കെ ബഡ്ജറ്റു വരുമ്പോൾ പറയാവുന്നതാണു്.

ശ്രീ. ഈ. പി. ഈപ്പൻ : അപ്പോൾ സമയം കിട്ടുകയില്ലാ, സർ. അതുകൊണ്ടാണു് ഇപ്പോൾതന്നെ ഇതു പറയാമെന്നു വയ്ക്കുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ബഡ്ജറ്റു് ഡിസ്കഷൻ സമയത്തു പറഞ്ഞാലും, ഇപ്പോഴ് പറഞ്ഞാലും ഫലമെല്ലാം ഒന്നുതന്നെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഈപ്പൻ : പോലീസ് ഡിപ്പാർട്ടുമെൻറിന്റെ നിർദ്ദേശ പ്രകാരം രാത്രി മുഴുവനും ഇലക്ട്രിക് ലൈറ്റു കൊടുക്കുന്നുണ്ട്. അതിനു് ചിലവാകുന്ന സംഖ്യയുടെ ഒരു ഭാഗം പോലീസു ഡിപ്പാർട്ടുമെൻറിൽനിന്നു കോർപ്പറേഷനു കിട്ടണമെന്നു പറഞ്ഞിട്ടു് ഇതേവരെ യാതൊന്നും കിട്ടിയിട്ടില്ല. ആ വകയിൽ ഏതാണ്ടു് ഒരു ലക്ഷം രൂപാ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിനു കോർപ്പറേഷനിൽനിന്നു കൂടുതലായി കൊടുക്കേണ്ടിവരുന്നുണ്ടു്. കോർപ്പറേഷന്റെ ഈ ബുദ്ധിമുട്ടുകളെപ്പറ്റി ഒന്നും ഗവണ്മെൻറു് ആലോചിച്ചിട്ടില്ല. സ്വയംഭരണ സ്ഥാപനങ്ങൾക്കു് കൂടുതൽ അധികാരം കൊടുക്കുന്നുണ്ടെന്നു പറയുകയാണെങ്കിലും ഏതെല്ലാം വിധത്തിൽ അതു് obstruct ചെയ്യാമോ അതെല്ലാം ചെയ്യുകയാണു് പതിവു്.

ലാൻറു് അക്വിസിഷനെ സംബന്ധിച്ചു് ഇതിൽ എഴുതിവച്ചിട്ടുണ്ടു്.

Procedure for acquisition of immovable property under the Land Acquisition Act. -"Any immovable property which any municipal authority is authorised by this Act to acquire may be acquired under the provisions of the Kerala Land Acquisition Act, 1961 (Act 21/1962) and on payment of the compensation awarded under that Act in respect of such property and of any other charges incurred in acquiring it, the said property shall vest in the Corporation." നല്ലൊരു സിറ്റിയായി, മോഡിയായി തിരുവനന്തപുരം സിറ്റി വികസിക്കണമെങ്കിൽ ലാൻറു അക്വയർ ചെയ്തു ഇവിടത്തെ റോഡിനു് വീതി കൂട്ടേണ്ടതുണ്ടു്. ലാൻറു അക്വസിഷനെ സംബന്ധിച്ചു ഇങ്ങനെ എഴുതിവച്ചിട്ടു് ഇന്നുവരെ ഗവണ്മെൻറു് അങ്ങനെയാണോ പെരുമാറിയിരിക്കുന്നതു്. ഇതുപോലെതന്നെയാണു് കളക്ടരും പെരുമാറുന്നതു്. ഇന്നുവരെ കോർപ്പറേഷൻ ഒരു സ്ഥലം അക്വയർ ചെയ്യണമെന്നു പറഞ്ഞാൽ അതിനാവശ്യമായ ജാഗ്രത കാണിച്ചിട്ടില്ല. ചില കാര്യത്തെ സംബന്ധിച്ചു 24 മണിക്കൂറിനകം സ്ഥലം അക്വയർ ചെയ്യണമെന്നു പറഞ്ഞു കാർപ്പറേഷൻ ആവശ്യപ്പെട്ടിട്ടു് അതു് അക്വയർ ചെയ്തു കിട്ടിയിട്ടില്ല. ആരെങ്കിലും 2 രൂപാ സ്റ്റാമ്പു ഒട്ടിച്ചു കളക്ടർക്കു് ഒരു പെറ്റീഷൻ കൊടുത്താൽ ലാൻറു അക്വിസിഷൻ നടപടികളും കളക്ടർ സ്റ്റേ ചെയ്യും. പിന്നെ രണ്ടുകൊല്ലത്തേക്കു് ആ കാര്യം നടപ്പുവരികയില്ല. മറ്റൊരു കാര്യം എനിക്കു് ബഹു: മന്ത്രിയോടു പറയാനുണ്ടു്. ബില്ലിനെപ്പറ്റി ചർച്ചനടക്കുന്ന സമയത്തു് അതു പറയുന്നതിൽ വലിയ പ്രസക്തിയില്ലെങ്കിലും അതു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ വയ്ക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ആണ്ടിൽ രണ്ടുപ്രാവശ്യം കോർപ്പറേഷനിലെ ആളുകളെയും, കോർപ്പറേഷനോടു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും വിളിച്ചു ഒരു കോൺഫറൻസു് കൂടുകയാണെങ്കിൽ സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്താതെ അവിടെ വച്ചുതന്നെ കാര്യങ്ങൾ ചർച്ചചെയ്തു തീരുമാനം എടുക്കുവാൻ സാധിക്കും. അതിനു് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: ഇതു് നിയമമാകാൻ പോകുന്ന ഈ ഘട്ടത്തിൽ, ഇതിന്റെ ഇംപ്ലിമെൻറേഷനെ സംബന്ധിച്ചിടത്തോളമുള്ള ചില കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ടെന്നു് എനിക്കു തോന്നുന്നു. അവയിൽ പ്രധാനമായി ഡിസലൂഷൻ ചെയ്യാൻ അധികാരം നൽകുന്ന 43 (എ) വകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളമാണു് എനിക്കു പറയുവാനുള്ളതു്. കാർപ്പറേഷനൊ, മുനിസിപ്പൽ കൗൺസിലൊ പിരിച്ചുവിടാതിരിക്കുന്നതിനുള്ള കാരണം, ഒരു എക്സ്പ്ലനേഷൻ എന്നുള്ള നിലയിൽ ചോദിക്കാമെന്നു പറയുന്നു. സ്വാഭാവികമായി ചില വീഴ്ചകൾ കണ്ടാൽ, നിയമവിരുദ്ധമായ പ്രവർത്തനമാണെന്നു ഗവണ്മെൻറിനു തോന്നുകയോ, സ്വയം ഭരണസ്ഥാപനച്ചട്ടങ്ങൾ അനുസരിച്ചല്ലാ പ്രവർത്തിച്ചതെന്നു തോന്നുകയോ ചെയ്താൽ, ഇങ്ങനെ കാരണം ചോദിക്കാം. ഞങ്ങൾ സെലക്ട് കമ്മിറ്റിയിൽത്തന്നെ ഒരു ഡിസെൻറിംഗ് നോട്ട് സമർപ്പിച്ചിട്ടുണ്ടു്. വേണമെങ്കിൽ പ്രക്ക വേറിലുമുണ്ടാകുമെന്നു്. ഒരു പഴഞ്ചൊ-

LIBRARY ARCHIVES Kerala Legislative Assembly

ല്ലുണ്ട്. ഗവണ്മെൻറ് പിരിച്ചുവിടണമെന്ന തീരുമാനിച്ചിട്ട് അതിനാവശ്യമായ കാരണങ്ങൾ കണ്ടുപിടിക്കുന്ന ഒരു സമീപനം ഉണ്ടാകാം. അങ്ങനെ ഒരു സമീപനം ബോധപൂർവ്വം ഈ ഗവണ്മെൻറ് ചെയ്യുന്നുണ്ടെന്നല്ല ഞാൻ പറയുന്നത്. മുമ്പ് ഈ ഡിസല്യൂഷൻ ഇല്ലാതിരുന്ന സ്ഥിതിയിൽ ഇപ്പോഴും കൂടുതൽ പുരോഗമനപരമായ നിയമം ഉണ്ടാക്കാനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെന്ന പറഞ്ഞിട്ടുള്ളപ്പോൾ അതിൽ, ഈ ഡിസല്യൂഷൻ ഉൾപ്പെടുത്തുമ്പോൾ, പലർക്കും അതിനെപ്പറ്റി സംശയം ഉണ്ടാകും. അതിനു കാരണമുണ്ട്. എതിർപക്ഷത്തുള്ള ആളുകൾ കോർപ്പറേഷൻ ഭരണം നടത്താൻ തുടങ്ങിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ ഭരിക്കേണ്ടത് ഭരണകക്ഷിയിൽപെട്ടതങ്ങളാണെന്നും, അതിനു വിഘാതം വരികയാണെങ്കിൽ ഡിസോൾവു ചെയ്യാമെന്നും വിചാരിക്കുകയില്ലേ എന്ന സംശയമുണ്ട്. ആ നിലയിൽ എക്സ്പ്ലനേഷൻ ചോദിക്കുകയും ജനാധിപത്യവിരുദ്ധമായ നടപടികളെടുക്കുകയും ചെയ്യാൻ ഇടയുണ്ടെന്നുള്ള ഉൽക്കണ്ഠ പല കാരണങ്ങൾ കൊണ്ടും ഇന്ന് നിലവിലുണ്ട്. ഈ അസംബ്ലി മെമ്പറന്മാരെപ്പോലെ ജനങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവർ അടങ്ങുന്നതാണ് കൗൺസിൽ. അതുകൊണ്ട് ഈ വകുപ്പിൻെറ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് ഒന്നു പ്രത്യേകം ശ്രദ്ധിക്കണമെന്നും, ജനാധിപത്യപരമായിട്ടുള്ള സമീപനമായിരിക്കണം സ്വീകരിക്കേണ്ടതെന്നും അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

രണ്ടാമത്, കോമൺ സർവ്വീസിനെ സംബന്ധിച്ചാണ് എനിക്കു പറയുവാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ അതു പരിഗണിക്കേണ്ടുന്ന ഒരു കാര്യമാണെന്നു പറഞ്ഞതായി ഓർക്കുന്നുണ്ട്. ഇതിൽ ചില പ്രത്യേകമായ ബുദ്ധിമുട്ടുകളുണ്ട്. സർവ്വീസിൽതന്നെയുള്ള ചിലർ കോമൺസർവ്വീസ് വേണമെന്നു പറയുന്നുണ്ട്. അതേയവസരത്തിൽ മലബാർഭാഗത്തെ ജനങ്ങൾക്ക് ജോലി ലഭിക്കാൻ വിഷമമുണ്ടാകുമെന്നും ഒരു പരാതിയുണ്ട്. മലബാർ ഭാഗത്തു പത്തിരുന്നൂറാളുകൾക്കു ജോലി കിട്ടാനുള്ള സൗകര്യം ഇപ്പോഴുള്ളതു നിയമത്തിനു വിരുദ്ധമാകാത്ത നിലയിൽ തുടർന്നു നൽകാൻ, കഴിയുമോ എന്നു നോക്കേണ്ടതുണ്ട്.

മൂന്നാമത്, ബില്ലിൽ ഗവണ്മെൻറു എടുക്കുന്ന ചില നടപടികൾക്കു കൗൺസിലുമായി ഇൻകൺസൽട്ടേഷൻ എന്നൊരു ഭാഗമുണ്ട്. 'നേരത്തായി കടിച്ച പാൽക്കഞ്ഞി' എന്നു മലബാർഭാഗത്തു ചൊല്ലുള്ളതു ബഹുമാനപ്പെട്ട മന്ത്രി കേട്ടിട്ടുണ്ടായിരിക്കും. സത്യത്തിനു കടിച്ച എന്നുള്ളതിൽകവിഞ്ഞു വേണ്ട പോലെ കടിച്ച എന്നൊന്നും അർത്ഥമില്ല. അതുപോലെ, കൺസൾട്ടേഷൻ സത്യത്തിനുവേണ്ടിയാകരുത്. ഒരു ജനാധിപത്യനീതിയാണ് ഇതിൻെറ പിന്നിലുള്ളത്. നിങ്ങളുടെ അഭിപ്രായം എന്താണെന്നു ചോദിച്ചാൽമാത്രം പോരാ. അവരുടെ നിർദ്ദേശം എന്താണെന്നു അറിയുന്നതിനുപോലും കാത്തിരിക്കാതെ നടപടിയെടുക്കുന്ന ഒരു സമ്പ്രദായം ഇന്നുണ്ട്. അതിനൊരു ഉദാഹരണം മൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കാം. മുനിസിപ്പാലിറ്റികൾക്കു എൻറർട്ടെയിൻമെൻറ്സിനു ടാക്സ് ചുമത്താൻ അധികാരമുണ്ട്. തൃശ്ശൂർ മുനിസിപ്പാലിറ്റിക്കുള്ളിൽ ഒരു സർക്കസ് നടക്കുകയാണ്. മുനിസിപ്പാലിറ്റിയുമായി ആലോചിച്ചശേഷം ഗവണ്മെൻറിനു നികുതി വേണ്ടെന്നു വയ്ക്കാമെന്ന നിയമമുണ്ട്. തൃശ്ശൂർ മുനിസിപ്പാലിറ്റി അതിനെ സംബന്ധിച്ച് ഒരു തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല. കൗൺസിലിൽ അതു സംബന്ധിച്ച് വാദപ്രതിവാദം വന്നിട്ടുണ്ട്. എതിർകക്ഷി എതിരഭിപ്രായം പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽകൗൺസിലിൻെറ അഭിപ്രായം വ്യക്തമായിട്ടറിയുന്നതിനുമുമ്പ് ഗവണ്മെൻറ് ഒരു തീരുമാനം എടുത്തിരിക്കുകയാണ്. ഇതിൻെറ ഫലമായി കാൽലക്ഷത്തിൽപരം രൂപാ മുനിസിപ്പാലിറ്റിക്കു നഷ്ടമായിരിക്കുകയാണ്. 'ഇൻകൺസൽട്ടേഷൻ വിത് ദി കൗൺസിൽ' എന്നുള്ളതു പ്രായോഗികമാക്കിയിരുന്നെങ്കിൽ കാൽലക്ഷത്തോളം രൂപാ നഷ്ടം വരികയില്ലായിരുന്നു. അതുപോലെതന്നെ അവിടത്തെ ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിൽ രൂക്ഷമായ എതിർപ്പുകൾക്കും വാക്കൗട്ടിനുമൊന്നും ഇടവരികയില്ലായിരുന്നു. ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധമായ ഒരു പ്രവണത ഈ ഗവണ്മെൻറിനു് ഉണ്ടെന്നുള്ള നിഗമനത്തിൽ എത്തിച്ചേരത്തക്ക ഒരു നടപടിയായിട്ടാണു് ഇതിനെ കാണേണ്ടതു്. അതുകൊണ്ടു് കൗൺസിലുമായി കൺസൽട്ടചെയ്യണമെന്നുള്ളതു് പ്രായോഗികമാക്കി ജനാധിപത്യപരമായിട്ടുള്ള രീതിയിൽ കാര്യങ്ങളം നടപ്പിൽ വരുത്തുന്നതിനുള്ള അവസരം നൽകണമെന്നാണു് എനിക്കു ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കാനുള്ളതു്. ഞാൻ ഈ പറഞ്ഞ മൂന്നു സ്റ്റേജുകളിലും രജ്ഞനപരമായ നിലപാടു് ഗവണ്മെൻറിൽനിന്നും സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ടു് അവസാനിപ്പിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ : എനിക്കു് ഒരു കാര്യം ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്. മറ്റു കാര്യങ്ങളെപ്പറ്റിയൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. 451-ാം വകുപ്പിൽ എന്തെങ്കിലും നടപ്പിൽവരുത്തുന്നതിനു് ബുദ്ധിമുട്ടു കാണുകയാണെങ്കിൽ അതിലേക്കു് ഗവണ്മെൻറിനു് ചില അധികാരങ്ങളം കൊടുത്തിരിക്കുന്നുവെന്നാണു് പറയുന്നതു്. അങ്ങനെ പ്രത്യേകിച്ചു് ബുദ്ധിമുട്ടുണ്ടാകാനിടയില്ല. അതല്ലാ ഒരുപക്ഷെ ഉണ്ടായാൽതന്നെയും അതിൻെറ പ്രൊവൈസോയിൽ പറയുന്ന രണ്ടു വർഷം കഴിഞ്ഞാൽ അധികാരം ഇല്ലെന്നു്. രണ്ടു വർഷം കഴിഞ്ഞാൽ ബുദ്ധിമുട്ടു് വരികയില്ലെന്നാണോ വിചാരിക്കേണ്ടതു്. ബുദ്ധിമുട്ടു് വരുമെങ്കിൽ രണ്ടു വർഷം കഴിഞ്ഞാലും വരും. അതുകൊണ്ടു് രണ്ടു വർഷം കഴിഞ്ഞാൽ ഗവണ്മെൻറിനു് അധികാരമില്ലെന്നു വച്ചിട്ടുള്ള ഈ പ്രൊവൈസോ ആവശ്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. കെ. എ. ദാമോദരമേനോൻ: ഈ മൂന്നാം വായന സമയത്തു ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ ഉന്നയിച്ച അഭിപ്രായഗതികളം ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. ഇതിൽ പ്രധാനമായി പ്രായോഗികമായ ചില നിർദ്ദേശങ്ങളം ഇവിടെ പുറപ്പെടുവിച്ചിട്ടുണ്ടു്. കാർപ്പറേഷനെ സംബന്ധിക്കുന്ന ഒരു നിയമമുണ്ടാക്കി കുറേ അധികാരങ്ങളം കൊടുത്തതുകൊണ്ടോ, അധികാരങ്ങളം അല്ലം പരിമിതപ്പെടുത്തിയതുകൊണ്ടോ മാത്രമായില്ല. വാസ്തവത്തിൽ മുനിസിപ്പാലിറ്റിയിലോ കാർപ്പറേഷനിലോ താമസിക്കുന്ന ജനങ്ങളുടെ സുഖസൗകര്യങ്ങളംക്കുവേണ്ടി പദ്ധതികളം നടപ്പിലാകാനുള്ള കഴിവു് അവയ്ക്കു് ഉണ്ടാകണമെന്നുപറയുന്നതു് പരമാർത്ഥമാണു്. അതു് സാമ്പത്തികസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നതു്. നികുതി ചുമത്തി സാമ്പത്തികസ്ഥിതി വർദ്ധിപ്പിക്കാൻകഴിയും. മറെറാന്നു് ഗവണ്മെൻറിൽനിന്നും നൽകുന്ന ഗ്രാൻറും ലോണുമാണു്. എന്നാൽ ഈ രണ്ടുകാര്യങ്ങളംക്കും കുറേയൊക്കെ പരിമിതികളം ഉണ്ടു്. കോഴിക്കോട്ട കാർപ്പറേഷനോ, തിരുവനന്തപുരം കാർപ്പറേഷനോ സ്വാഭാവികമായി നികുതിദായകന്മാരിൽനിന്നും ഉണ്ടാകുന്ന പ്രതിഷേധത്തെ പരിഗണിച്ചു് നികുതി അധികം ഈടാക്കാൻ ഒരുകയില്ല. ഗവണ്മെൻറിനു നൽകാവുന്നതിനു ഒരു പരിമിതിയുണ്ടു്. നഗരത്തിൻെറ ആവശ്യങ്ങളം നിവ്വഹിക്കുന്നതിനു് വളരെത്തുകയും വേണ്ടിവരികയുംചെയ്യും. ഇതെല്ലാം നിയമസഭാസാമാജികന്മാരോട പ്രത്യേകം പറയേണ്ടതില്ല. ഈ പരിമിതിക്കു് വിധേയമായി നിന്നുകൊണ്ടു് എത്രമാത്രം സഹായം ഈ രാജ്യത്തെ കാർപ്പറേഷനുകൾക്കു് നൽകാൻ കഴിയുമോ അത്രയും നൽകുന്നതാണു് ഗവണ്മെൻറിൻെറ അംഗീകൃതനയം. ഇവിടെ ശ്രീ. രാഘവൻനായരും ശ്രീ കുറുപ്പും കോഴിക്കോട്ട കാർപ്പറേഷൻെറ പരാധീനതയെപ്പറ്റി പറഞ്ഞു. ഗവണ്മെൻറു് ഒരു ചിറ്റമ്മനയമാണു് സ്വീകരിച്ചിട്ടുള്ളതെന്നു ഇപ്പോഴും ഇതിനുമുമ്പും പറഞ്ഞിട്ടുണ്ടു്. മുമ്പുതന്നെ ചിറ്റമ്മനയമല്ല, പെറ്റമ്മനയമാണുള്ളതെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്. പെറ്റമ്മമാക്കു് നല്ല സ്ഥിതിയിൽ കഴിയുന്ന മക്കളുടെ പേരിൽ ഉള്ളതിനേക്കാളം പ്രത്യേകമായ വാത്സല്യം പൂർണ്ണരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതു് പരാധീനതയുള്ള മക്കളുടെ നേരെയായിരിക്കും. അങ്ങനെ കോഴിക്കോട്ട കാർപ്പറേഷനു് പ്രത്യേക പരിഗണന നൽകണമെന്നുള്ള അഭിപ്രായം വച്ചുകൊണ്ടാണു് ഗവണ്മെൻറു പ്രവർത്തിക്കുന്നതു്. തിരുവനന്തപുരം കാർപ്പറേഷനു് ചരിത്രപരമായ പല കാരണങ്ങളം കൊണ്ടും കുറേ അധികം സൗകര്യങ്ങളം നൽകാൻ കഴിഞ്ഞിട്ടുണ്ടു്. തിരുവനന്തപുരം നമ്മുടെ തലസ്ഥാനനഗരിയാണു്. ഇവിടെ ഗവണ്മെൻറിൻെറ ചെലവിൽ പല സൗകര്യങ്ങളം ഏർപ്പെടുത്തിയിട്ടുണ്ടു്. കോഴിക്കോട്ടു് അതുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ മൂന്നാംപദ്ധതിക്കാലത്തു് സിറ്റി ഇംപ്രൂവ്മെന്റു് ട്രസ്റ്റിനു വകയിരുത്താൻ കഴിഞ്ഞു. കോഴിക്കോട് കാർപ്പറേഷൻ രൂപം എടുത്തതു് അതിനുശേഷമാണു്. അപ്പോഴും പദ്ധതിയിൽ വകയിരുത്തിയ തുകയുടെ അകത്തുനിന്നുകൊണ്ടുമാത്രമേ കോഴിക്കോട് കാർപ്പറേഷനു സഹായം ചെയ്യാൻ കഴിയുകയുള്ളു. പിന്നെ വേണമെങ്കിൽ പദ്ധതി തുകയ്ക്കു പുറമേനിന്നുകൊണ്ടു് സഹായം ചെയ്യാനുള്ള വരുമാനം ഗവണ്മെൻറിനുണ്ടാകണം. അതില്ല. കോഴിക്കോട് കാർപ്പറേഷനിൽ ഭൂരിപക്ഷം കോൺഗ്രസ്സല്ല. അതുകൊണ്ടു് സംശയം വേണ്ട. നിഷ്പക്ഷമായ വിധത്തിൽ പെരുമാറുന്നതിനു് ഗവണ്മെൻറു വൈമനസ്യം കാണിക്കുന്നു എന്നു പറയുന്നതിൽ ഖേദമുണ്ടു്. ശ്രീ. ഈപ്പൻ തിരുവനന്തപുരം കോർപ്പറേഷനെപ്പറ്റി പറഞ്ഞു. അവിടത്തെ കൗൺസിലറന്മാരുമായി ഒരുമിച്ചിരുന്നു ചർച്ചചെയ്തു കാര്യങ്ങളും പരിശോധിക്കണമെന്നു് അദ്ദേഹം പറയുകയുണ്ടായി. ഞാൻ കോഴിക്കോട്ടുപോയി അവിടത്തെ സ്റ്റാൻറിംഗ് കമ്മിറ്റി മെമ്പറന്മാരുമായി ഇന്നത്തെ സാമ്പത്തികസ്ഥിതി വർദ്ധിപ്പിക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നു് ആലോചിച്ചിട്ടുണ്ടു്. അതുപോലെതന്നെ ലോണും ഗ്രാൻറും ഗവണ്മെൻറിനു് എങ്ങനെ നൽകാൻകഴിയുമെന്നും, മറ്റും ഒന്നിലധികം പ്രാവശ്യം അവിടെചെന്നു് കോർപ്പറേഷൻ ഹാളിൽവച്ചു് ചർച്ചകളും നടത്തിയിട്ടുണ്ടു്.

ഇതു ഞാൻ പറയുന്നതു തീർച്ചയായും വിവേചനബുദ്ധിയോടുകൂടി വീക്ഷിക്കുന്നില്ല, വീക്ഷിക്കുകയുമില്ല എന്നു വ്യക്തമാക്കുവാനാണു്. അവിടെ ഏതു കക്ഷി ഭരണത്തിൽ വന്നാലും അവരോടു കക്ഷിപരമായ പരിഗണന കൂടാതെ പ്രവർത്തിക്കുമെന്നുള്ള കാര്യത്തിൽ അങ്ങനെ ആർക്കും സംശയം വേണ്ടാ.

പിന്നെ എന്താണു്,ഇവിടത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണു് എന്നു പരിശോധിക്കണം എന്നു ബഹുമാനപ്പെട്ട അച്യുതമേനോൻ പറഞ്ഞു. ഈ കാര്യം മുന്നിൽവച്ചുകൊണ്ടു കുറച്ചു മാസങ്ങൾക്കുമുമ്പു ഡയറക്ടർ ആഫ് മുനിസിപ്പാലിറ്റീസ് ശ്രീ. കരുവിള ചെയർമാനായി ഒരു കമ്മിറ്റിയെ നിയമിച്ചു. കരുവിളക്കമ്മിറ്റി അതിൻെറ വിവിധ വശങ്ങളും പരിശോധിച്ചു അതിൻെറ ഒരു റിപ്പോർട്ടു എനിക്കു സമർപ്പിച്ചിട്ടുണ്ടു്. അതു ഇന്നലെമാത്രമാണു് എനിക്കുകിട്ടിയിട്ടുള്ളതു്. അതിലെ നിർദ്ദേശങ്ങളും എല്ലാം ഞാൻ പഠിച്ചുകഴിഞ്ഞിട്ടില്ല. എങ്കിൽക്കൂടി ഇന്നു മുനിസ്സിപ്പാലിറ്റികളുടേയും കാർപ്പറേഷനുകളുടേയും വരുമാനം ഇന്നിയും ഒരു 20 ശതമാനം വർദ്ധിപ്പിച്ചാൽപ്പോലും ഏതാണ്ടു് 125 ലക്ഷം രൂപ അവക്കു കുറവുണ്ടായിരിക്കും. സാധാരണഗതിയിലുള്ള പുരോഗതി നടത്തിക്കൊണ്ടു പോകുന്നതിനു അവക്കു കുറവുവരും എന്നു് അതിൽ പറഞ്ഞിട്ടുണ്ടു്. അതിനുള്ള നിർദ്ദേശങ്ങളും അവർ ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. അതു ഞാൻ പഠിക്കുകയാണു്, ഗവണ്മെൻറു് അതേപ്പറ്റി എന്തുചെയ്യണമെന്നു ആലോചിക്കുകയാണു്. ഏതെല്ലാം വിധത്തിൽ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതിക്കായി എന്തൊക്കെ പ്രവർത്തിക്കാം, അവിടെ താമസിക്കുന്ന ജനങ്ങൾക്കു ആവശ്യമായ എല്ലാ പ്രവർത്തനങ്ങളിലും ഏതെല്ലാം വിധത്തിൽ സഹായം ചെയ്യാൻ സാധിക്കും എന്നെല്ലാം പരിശോധിച്ചുവരികയാണു്. പൊതുവിൽ പറഞ്ഞാൽ ഈ പ്ലാൻ വിഹിതം നിശ്ചയിച്ചിട്ടുണ്ടു്. മറ്റെല്ലാ പദ്ധതികൾക്കും വേണ്ടിയും നാം ചെലവാക്കുന്ന സംഖ്യയുടെ വൈപുല്യം വച്ചുകൊണ്ടുവേണം ഇതു കണക്കിലെടുക്കേണ്ടതു് എന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്.

ഈ ആക്റ്റു നടപ്പിൽവരുത്തുന്ന കാര്യത്തിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. ശ്രീമാൻ നാരായണൻ നമ്പ്യാർ പറഞ്ഞു, ഇവിടെ കൺസൾട്ടേഷൻ നാമമാത്രമായിട്ടാണു് നടക്കുന്നതു് എന്നു്. അതു തീർച്ചയായും ഗവണ്മെൻറു ശ്രദ്ധിക്കുന്നതാണു്.

ശ്രീമാൻ ശ്രീധർ ഒരു കാര്യം പറഞ്ഞു. രണ്ടു കൊല്ലം കഴിഞ്ഞാൽ ഇവിടെ ഇതു വേണ്ടാ എന്നു ഒരു വ്യവസ്ഥ ഇതിൽ ചേർത്തിട്ടുണ്ടു്; അതിൻെറ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മില്ലാ എന്നു്. ഗവണ്മെന്റു നിലവാരത്തിൽ തന്നെ ഈ രണ്ടുകൊല്ലത്തെ ഇടകൊണ്ടു് ഇതിന്റെ പോരായ്മകളും വല്ലതും കണ്ടുപിടിച്ചു അതിനു വല്ലതും ഗവണ്മെന്റിനു ചെയ്യാവുന്നതാണെങ്കിൽ ഗവണ്മെന്റിനു ചെയ്യണം. അല്ലാത്ത പക്ഷം ഈ നിയമസഭയിൽവച്ചുകൊണ്ടു തന്നെ നിയമപരമായി ഭേദഗതി ചെയ്യണം എന്നുള്ള ഉദ്ദേശത്തിലാണു്. അല്ലാതെ എല്ലാക്കാലത്തേക്കും ഈ അധികാരം വച്ചുകൊണ്ടിരിക്കണമെന്നുള്ളതല്ല. നിയമത്തിനു വല്ല ഭേദഗതിയും വേണമെന്നുണ്ടെങ്കിൽ അതിനു ഭേദഗതി അവതരിപ്പിക്കാമായിരുന്നു. ഈ ബിൽ പൊതുവേ സ്വാഗതാർഹമാണെന്നുള്ള അഭിപ്രായമാണു് സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതു്. ഞാൻ പൊതുവെ ഈ ബില്ലിനെ സംബന്ധിച്ചു ഈ സഭയിലുണ്ടായ അഭിപ്രായഗതിയെ സ്വാഗതം ചെയ്യുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ കേരളത്തിലാകെ ബാധകമാകത്തക്ക നിലയിൽ ഒരു ഇംപ്രൂവുമെന്റു ട്രസ്റ്റുണ്ടാക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ നിലപാടു് എന്താണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ ആദ്യമേ പറഞ്ഞു. ഇംപ്രൂവുമെന്റു ട്രസ്റ്റുണ്ടാക്കുന്നതിനു ഗവണ്മെന്റു അനുകൂലമാണു്. ഇംപ്രൂവുമെന്റു ട്രസ്റ്റിനുവേണ്ടി തിരുവനന്തപുരം കാർപ്പറേഷനു ഒരു ഇംപ്രൂവുമെന്റു ട്രസ്റ്റുണ്ടാക്കുന്ന അവസരത്തിൽ അതേപ്പറ്റി ആലോചിച്ചിരുന്നതാണു്. സാമ്പത്തിക പരാധീനതയാണു് അതിന്റെ പുരോഗതിക്കു തടസ്സമായി നിൽക്കുന്നതു്. നാലാം പഞ്ചവത്സരപദ്ധതിക്കാലത്തു വേണമെന്നു്, അല്ല നിർബന്ധമായി അതു നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടു്. അതോടൊപ്പംതന്നെ ആ നിയമവും കൊണ്ടുവരാം. അല്ലാതെ നിയമം മാത്രമുണ്ടാക്കിയതുകൊണ്ടു ഗുണമില്ലല്ലോ!

ശ്രീ. ഈ. പി. ഈപ്പൻ : കോഴിക്കോട്ടു കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം ചിറമ്മനയല്ല പെറമ്മനയും തന്നെയാണു് എടുത്തിട്ടുള്ളതെന്നു പറഞ്ഞു. അപ്പോൾ തിരുവനന്തപുരം കാർപ്പറേഷനോടു ചിറമ്മനയുംതന്നെയാണോ എടുത്തിരിക്കുന്നതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ അങ്ങനെയല്ലാ പറഞ്ഞതു്. എന്തെങ്കിലും അവശതയുള്ള ഒരു മകനോടു സാധാരണയായി അമ്മമാക്കു കൂടുതൽ ആനുകൂല്യം കാണിക്കും. അതുപോലെ കോഴിക്കോട്ടു കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം കുറെ അവശതകളും ഉള്ളതുകൊണ്ടു കുറച്ചു വാത്സല്യം കൂടുതൽ അങ്ങോട്ടാണു് കാണിക്കുന്നതെന്നാണു് പറഞ്ഞതു്. ബഹുമാനപ്പെട്ട മെമ്പർ അതിനെക്കുറിച്ചു ആ നിഗമനത്തിൽ എത്തുന്നതു ശരിയല്ല.

The question that the Calicut City Municipal (Amendment) Bill, 1963, be passed was put and carried.

The Bill was passed.

[Deputy Speaker in the Chair]

The General Sales Tax (Validation) Bill, 1964 (*Contd.*)

Chief Minister (**Shri R. Sankar**): Sir, I move that the General Sales Tax (Validation) Bill, 1964, as reported by the Select Committee, be taken into consideration.

Shri George Joseph Podipara: I second it.

ശ്രീ. ആർ. ശങ്കർ : സർ, കഴിഞ്ഞദിവസം ഈ ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ, ഇങ്ങനെ ഒരു ബിൽകൊണ്ടുവരാൻ പ്രേരണ നൽകിയ സാഹചര്യങ്ങളെപ്പറ്റി ഞാനിവിടെ വിശദീകരിക്കയുണ്ടായി. 1125-ലെ സെയിൽസ് ടാക്സ് നിയമത്തിലെ ഷെഡ്യൂളിൽ കൊടുത്തിരുന്ന രണ്ടുപദങ്ങൾക്കു കോടതി നൽകിയ വ്യാഖ്യാനമാണു് ഇതിനു് ബുദ്ധിമുട്ടുണ്ടാക്കിത്തീർത്തതു്.

LIBRARY ARCHIVES Kerala Legislative Assembly